ഉദയം

ചിത്രവാരിക

VOL. 1

No. 16

UDAYAM MALAYALAM ILLUSTRATED WEEKLY

PRICE

വിഷയ വിവരം

		പേജ്
1.	Mahatma Gandhi — the Friend of Indian Womanhood – *By Mrs. Chandra Kumari, M. A.*	1
2.	പുരുഷനോ സ്ത്രീക്കോ — എം. പി. അപ്പൻ എം. എ, എൽ. ടി.	4
3.	ഗാന്ധിജിയും കലയും — ദിലീപ് കുമാർ റോയി.	5
4.	രഹസ്യങ്ങൾ (ചെറുകഥ) — ജഗതി കെ. എം. പ്രസാദ്.	7
5.	അന്വേഷകൻ (കവിത) — ശ്രീധർ തമ്പലക്കാട്ട്.	11
6.	Feed the Poor — Starve the Bankers.	12
7.	സ്റ്റേററ് കോൺഗ്രസ്സിന്റെ കർത്തവ്യം — ഐ. സി. ചാക്കോ ബി. എസ്സ്. സി. (ലണ്ടൻ) ബി. എ, എ. ആർ. സി എസ്സ്. (ലണ്ടൻ), എ ആർ. സി. എം (ലണ്ടൻ)	14
8.	പുലയൻ (കവിത) — എം. കെ. മഹിളാമണി.	16
9.	മുഖപ്രസംഗം: വിചിത്രമായ സത്യഗ്രഹം.	17
10.	സത്യാത്മക ചെറുകഥ — ഏ ബാലകൃഷ്ണപിള്ള.	19
11.	യു. എൻ. ഒ.	22
12.	പത്രാധിപക്കുള്ള കത്തുകൾ.	23
10.	Market Report & Steamer Movements	24

മുഖചിത്രം:- പ്ലാസ്റ്റിക്ക കൊണ്ടു നിർമ്മിതമായ തൊപ്പി ധരിച്ച ഒരു അമേരിക്കൻ യുവതി.

ഉദയം

Vol. 1 | 1948 മാർച്ച് 20-ാംനു- ശനിയാഴ്ച | No. 16

Mahatma Gandhi—the Friend of Indian Womanhood

(BY MRS. CHANDRA KUMARI, M. A.)

Bapu's cruel death has plunged a whole nation into the abyss of sorrow, the stream of our tears outflanking the narrow boundaries of this land. For it was not given to a single nation or to a limited populace to mourn the loss of a prophet. Great men, as he, know no national boundaries and it is in the wider sphere of the world that one can evaluate his greatness. He may be our father of the nation but to the world he was a prophet, a saint whose equal the West nor the East could find in the present century. He delivered no sermons. His methods did not savour of force and retaliation. It was the simple elemental way of nature that commended itself to him. It was the message of love and sympathy which he had to give to a sorrowing world. The world was in the midst of a tempest, nay a catastrophe. Men were talking of war; peace was only a bye-word to connote the meaning of hatred and lack of confidence. It is in this context of world history that we have to judge this man who was ordained to bring peace and establish the kingdom of love, even as Christ called for the Kingdom of Heaven to be established on earth.

SAVIOUR OF WOMANKIND

But it is not his achievements in the field of politics nor in the wider field of philosophy that the countless women in this country have learnt to look upon him as a saviour, as a guardian of their oft-neglected rights. Unfortunately, in this country men and religion both combined to put down women, to relegate them to the backyard and make them creatures of the kitchen. It was their fate to suffer and suffer silently. But the suffering did not last long, for they had a prophet, a deliverer, a saviour of the womankind in Mahatmaji. And it is now that with dramatic suddenness that the realization comes, that one who had taken upon himself the onerous burden of a philosopher, seer and politician is no more. His counsel of moderation, of truth and piety was an inspiration to many a young man and woman. Thus it is with gratitude that I recall his advice on problems peculiar to the youth, of its duties in the larger sphere of life as distinct from the narrow orbit of studies. In the robes of a philosopher he sought to awaken the sleeping womanhood of a country bound down by chains of orthodoxy and an unrepentant social system. Though he never proclaimed himself a feminist his speeches and writings bear the impress of the anguish in his heart at the imprisonment of the women's soul by artificial stone walls of custom. He sought to free that soul by his own matchless weapon of non-violence. Satyagraha movements released the pent-up energies of a nation and it witnessed the rebirth of womanhood in all its glory. Tearing the veil its prisoners marched shoulder to shoulder with men and proved themselves real partners in the freedom struggle. The chains of orthodoxy lay broken in the dust, for once truth had triumphed over the machinations of a social system rotten to the core.

Not content with this he started an Ashram where lived men and women freely and fearlessly. No one dare oppose the man of miracles. He was indeed the deliverer of Indian womanhood. Wherever he went he had a word for women. He taught them to discard artificial jewellery and be the real jewels of their homes and hearths, to brighten up their little hours, their moments of joy and sorrow by selfless acts and service of the nation. Many a time he complained in despair that the girls who went to colleges and Universities disappeared, as it were, from the political and social scene of the country. He did not want their education to be a mere means of getting them married. It was rather in the broader fold of life that he wanted education to paly its important role. To see an army of social workers, springing up from the depths of educational institutions was his heart's desire challenge to youth.

He wanted the seeds of knowledge to be scattered around this ancient land of ours and produce a new order of men and women—the forerunners of an enlightend generation. But like most prophets his wish was not to be achieved during his life time. Thus it is that his death is a challenge to

the youth of this country to wipe out forces of ignorance and diffuse this ancient land with the light of knowledge.

The quintessence of his philosophy consisted in simplicity and moderation and this he preached and practised fearlessly.

Those who came to scoff remained to parry and soon people realised the truth of his non-violent philosophy. The grinding mills of custom came to a stop and out-stepped jubilant womanhood, free to share the burden of the country's joys and sorrows. He gave voice to their feelings, a platform to their demands and ridiculed the idea of weaker sex. Rather he preached their equality with men. "I am uncompromising in the matter of women's rights. In my opinion she should labour under no legal disability not suffered by man. I should treat the daughters and sons on a footing of equality." He urged the removal of legal disabilities but he insisted: "I should have then enlightened woman of India to deal with the root cause. Woman is the embodiment of sacrifice and suffering and her advent to public life should therefore result in purifying it, in restraining unbridled ambition and accumulation of property."

On another occasion when asked about the treatment of women he was equally positive in his reply. "I will far rather see the race of man extinct than that we should become less than beasts by making the noblest of God's creations the object of our lust......... I passionately desire utmost freedom for women. I detest child marriages. I shudder to see a child widow, and shiver with rage when a husband just widowed with brutal indifference contracts another marriage. I deplore the criminal indifference of parents who keep their daughters utterly ignorant and illiterate and bring them up only for the purpose of marrying them off to some young man of means......Women must have votes and an equal legal status. But the problem does not end there; it only commences at the point where women begin to affect the political deliberations of the nation."

SOCIAL REFORM THROUGH POLITICS

For him the political arena was more a means of exterminating our evils. It was in this context that he asked women to take to politics which could ultimately bring about their social emancipation. Since the first phase of religious nationalism when an attempt to free women was made, no man had had achieved so much and that too in the role of a politician. His companions were women who had cared for him and created round him an atmosphere of kindliness. Wherever he went eager women gathered to listen to the voice of wisdom and kindliness. When he started a campaign for Harijans they laid at his feet their precious jewellery—the wherewithal of most Indian women. Unheeding angry protests from fathers and husbands, they came in a spirit of love and sympathy and delivered themselves of the last vestige of slavery. How deeply Gandhiji was moved :

"I cannot recall a scene more touching than that of the Harijan cause. I had just finished my speech at Badagara. In it I had made a reasoned appeal to the women present for jewellery. I had finished speaking and was selling the presents received when gently walked up to the platform Kaumudi, a girl of sixteen years old. She took out one bangle and asked me if I would give my autograph. I was preparing to give it when off came the other bangle. She had only one on each hand. I said 'You need not give me both. I shall give you the autograph for one bangle only.' She replied by taking off her golden necklace. This was no easy performance. It had to be disengaged from a long plait of hair. But the Malabar girl that she is, she had no false modesty about performing the whole process before a wondering public counting several thousands of men and women. 'But have you the permission of your parents?' I asked. But there was no answer. She had not yet completed her renunciation. Her hands automatically went up to her ears and out came her jewelled earrings amid the ringing cheers of the public whose expression of joy was no longer to be suppressed... .. As I handed her the autograph I could not help prefacing it with the remark "Your renunciation is a truer ornament than the jewellery you have discarded".

LESSON OF SELF-PURIFICATION

In his "plain talk to women", we witness the same phenomenon of self-purification. He was never tired of teaching the lesson "seva" to women as a means of deliverance from domestic tragedies. The practical philosopher, as he was, he said: "God did not create men with the badge of superiority and no scripture which labels a human being an inferior or untouchable because of his or her birth can command our allegiance. It is a denial of truth and God which is God." He advised women to befriend Harijans. "Pledge yourselves to wear Khadi" and obilterate the centuries old sin of untouchability from Hindu society. Untouchability was the great target of Gandhiji's campaign. The little that has been achieved bears the stamp of his non-violent methods and to this end he spoke and wrote unceasingly. Incidentally 'Harijan' his famous paper too was devoted to this cause. People contributed liberally to his

Harijan fund and women played no small part in it. He found many devoted workers among them who carried the torch of knowledge to the regions of ignorance. He knew the compassion in the heart of women which makes them sisters of mercy. "Woman has a compassionate heart which melts at the sight of suffering. If then the sufferings of Harijans move you and you give up untouchability, and with it the distinctions of high and low, Hinduism will be purified and Hindu socity will take a great stride towards spiritual progress."

And his appeals were not in vain. South India, where abounded and floursihed the sin of untouchability, responded to his call. Soon temples were flung open to this submerged species of humanity. In various states legislation was enacted to accord Harijans their legal rights and in recent times many a province has enacted laws on similar lines. Harijan Sewak Sanghs sprang up all over the country and these unfortunate men, women and children received succour at the hands of this Man of Mercy.

TEARING THE VEIL

His campaign against the 'purdha' sysatem was equally emphatic for he regarded women as 'Mother, maker and silent leader.' Chastity is not a hot-house growth. It cannot be superimposed. It cannot be protected by the surrounding wall of the purdah. It must grow from within and to be worth any thing it must be capable of withstanding every unsought temptation. The sight of a screen behind which my audience whose numbers I did not know was seated made me sad and humiliated me deeply. I thought of the wrong being done by men to the women of India by clinging to a harbarous custom which what ever use it might have had when it was first introduced had now become totally useless and doing incalculable harm to the country. All the education that we have been receiving for the past 100 years seems to have produced but little impression upon us. For I note that the purdah is being retained even in educated households, not because the educated men believed in it themselves, but because they will not manfully resist the brutal custom and sweep it away at a stroke......... *By seeking today to interfere with the free growth of the womanhood of India we are interfering with the growth of free and independent spirited men. What are we doing to our women and what are we doing to untouchables recoils upon our head with a form thousand times multiplied. It partly accounts for our weakness, indecision, narrowness and helplessness. Let us, then, tear down the purdah with one mighty effort.*

He recognised the impediments that social evils offer to the freedom struggle of a country. He therefore concentrated upon social reform. It had to be a precedent to the freedom rather than a by-product of it. It is difficult to say at this stage how far this politician philosopher has succeeded. It remains for the coming generation and future historians to evaluate his worth, and the value of his social zeal. For us, to add an humple note of admiration to his achivements will suffice.

ADVICE TO GIRLS

To girl students his advice came like an aged and loving father. He asked them to be sisters of mercy. "Your parents do not send you to school to become dolls. On the contrary you are expected to become sisters of mercy......She becomes a sister of mercy immediately she thinks less of her and more of those who are poorer and more unfortunate than herself." He counselled the girls not to make distinction between high and low not to be led away by the charms of money. The service of their country he held was an ideal which could be pursued equally well by rich and the poor. Gandhiji inspired students to be self-reliant and defend their honour at all costs. He received scores of letters from college girls lamenting the lack of morality in the other sex. He took up this question and aroused the well-known controversy of the modern girl. His words about college girls were not considered sympathetic by many. In fact they were rather regarded as provocative. For instance, he wrote in reply to a letter from a Punjabi college girl: "I have a fear that the modern girl loves to be Juliet to half a dozen Romeos. She loves adventure......... She dresses not to protect herself from wind, rain and Sun but to attract attention. She improves upon nature by painting herself and looking extraordinary. The non-violent way is not for such girls". He advocated heroism and the heroism of the non-violent type where a person would die rather than yield to the forces of evil. He was sorry to think that young men have lost sense of chivalry. To this end he asked teachers in Colleges and Universities to see that they behave as gentlemen.

His reference to the modern girl being a Juliet to half a dezon Romeos aroused the ire of many a young girl. There were indignant protests and he was asked to withdraw this remark but he insisted. 'My article was written to expose student's shame not to advertise the frailties of girls but in giving the diagnosis of the disease I was bound, if I was to prescribe the remedy to mention all the factors which induce the disease. The 'modern girl' has a special meaning but all the girls who receive English education are not modern girls. I know many who are not at all touched by the 'modern girls spirit but there are some who have become modern girls.'

VOICE THAT IS SILENT FOR EVER

Whether girls anger died it is not recorded. But even those who do not agree with him will appreciate the logical frankness of his arguments, the almost Biblical simplicity of his advice which he gave unasked for. But sadly for us, the voice of reason and love is silent for ever struck down by the hands of the assassin. It has ceased to enlighten an ignorant world. But it is left to us to inherit his legacy of love and service. It is left to us to carry his message of love and sympathy amongst all mankind and help create a better order of man and woman. Only then the soul of this great warrior against ancient wrongs can rest in peace.

പുരുഷനോ സ്ത്രീക്കോ?

(എം. പി. അപ്പൻ. എം. എ., എൽ. ടി.)

"സ്ത്രീജനം, പുരുഷനെന്നതു തുല്യം
സാരമായതു നടത്ത ജഗത്തിൽ"
എന്ന് കാളിദാസൻ പറഞ്ഞിരിക്കുന്നു.
"സ്വയം സിദ്ധമായുള്ള തേജസ്സിനോർത്താൽ
വയസ്സേതയേ വംശമേതേതു ലിംഗം?"
എന്നാണ് കുമാരനാശാൻ ചോദിക്കുന്നതു്.

ഈ രണ്ടു മഹാകവികളും പറയുന്നതു ശരിതന്നെ. എല്ലാം പ്രവൃത്തിമണ്ഡലങ്ങളിലും സ്ത്രീകൾ പുരുഷന്മാരെപ്പോലെ തന്നെ കാര്യക്ഷമത വെളിപ്പെടുത്തിയിട്ടുണ്ട്.

എങ്കിലും ഒരു കാര്യം വിസ്മരിച്ചുകൂടാ. സ്ത്രീപുരുഷന്മാരുടെ ശരീരഘടനയിൽ വ്യത്യാസമുണ്ട്. അതിൽ ആർക്കും എതിരഭിപ്രായം വരാൻ വഴിയില്ലല്ലോ. അത്രമാത്രമല്ല, മാനസിക വ്യാപാരങ്ങളെ സംബന്ധിച്ചും സ്ത്രീപുരുഷന്മാർ തമ്മിൽ വ്യത്യാസമുണ്ടെന്നു ശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ട്. കലാവിദ്യകൾ മാനസിക പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്നതിനാൽ കലാപരമായി സ്ത്രീക്കും പുരുഷനും തമ്മിൽ അന്തരം ഉണ്ടാവുക സ്വാഭാവികമാണ്. ഇതിനെക്കുറിച്ച് ഹാവ്ലാക് എല്ലിസ്സ് തുടങ്ങിയ ശാസ്ത്രജ്ഞന്മാർ നടത്തിയിട്ടുള്ള താരതമ്യ പഠനമാണു താഴെ സംഗ്രഹിച്ചിരിക്കുന്നതു്.

ആദ്യമായി ചിത്രമെഴുത്തിനെപ്പററി പറയാം. ചിത്രരചനയിൽ സാമർത്ഥ്യമുള്ള സ്ത്രീകൾ ധാരാളം ഉണ്ടായിട്ടുണ്ടെങ്കിലും ഒന്നാം കിടയിൽ നില്ക്കുന്ന യാതൊരു സ്ത്രീയും ജനിച്ചിട്ടില്ല. മനുഷ്യജീവിതത്തിലെന്നതു പോലെ ക്രിസ്തുമതത്തിലും അതിപ്രധാനമായ ഒന്നാണ് മാതാവും ശിശുവും തമ്മിലുള്ള ബന്ധം. ലിയാണാർഡോ തുടങ്ങിയ പ്രതിഭാസമ്പന്നന്മാർ എഴുതിയിട്ടുള്ള കന്യകാ മറിയത്തിന്റെയും ഉണ്ണിയേശുവിന്റെയും ചിത്രങ്ങൾ വർണ്ണനാതീതമായ കലാസൌന്ദര്യത്തെയാണ് പ്രദർശിപ്പിക്കുന്നതു്. ഒരു സ്ത്രീയുടെ ഹൃദയത്തെ ഇത്രകണ്ടു് ആകർഷിക്കുന്ന ഒരു ബന്ധം വേറെയില്ല. എന്നിരുന്നിട്ടും ആ ഉത്കൃഷ്ടബന്ധത്തെ ലോകോത്തരമായ ഒരു ചിത്രത്തിൽ ആവിഷ്കരിക്കാൻ ഒരു വനിതയ്ക്കും ഇതേവരെ കഴിഞ്ഞിട്ടില്ലെന്നുള്ളതു അത്ഭുതാവഹമായിരിക്കുന്നു.

സംഗീതം തികച്ചും വികാരപരമായ ഒരു കലയാണല്ലോ. ഗാനാലാപത്തിൽ സ്ത്രീകൾ പുരുഷന്മാരെ പൊതുവെ അതിശയിക്കുന്നുണ്ടെന്നുള്ളതു സമ്മതിക്കാതെ തരമില്ല. എങ്കിലും പ്രതിഭാശാലികളും വിശ്വവിഖ്യാതന്മാരുമായ ഗായകന്മാരെല്ലാം പുരുഷലോകത്തിന്റെ പ്രാതിനിധ്യമാണു വഹിക്കുന്നതു്. സ്ത്രീകൾ ഏതെങ്കിലും സംഗീതോപകരണം കണ്ടുപിടിച്ചിട്ടുള്ളതായി അറിഞ്ഞിട്ടില്ല. എന്നുമാത്രമല്ല, ഒന്നാംതരമെന്നോ രണ്ടാംതരമെന്നോ പറയാവുന്ന പ്രേമഗാനങ്ങളോ താരാട്ടുകളോ നിർമ്മിക്കാനും സ്ത്രീകൾക്കു സാധിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു.

സാഹിത്യമണ്ഡലത്തിലാകട്ടെ സ്ത്രീകൾ സവിശേഷമായ വൈദഗ്ദ്ധ്യം കാണിച്ചിട്ടുണ്ട്. ഉത്കൃഷ്ടങ്ങളായ ഭാവഗീതങ്ങൾ എഴുതിയിട്ടുള്ള കവയിത്രികൾ പാശ്ചാത്യലോകത്തു സുലഭമാണ്. അവരിൽ വിശ്വവിഖ്യാതി സമാർജ്ജിച്ചിട്ടുള്ളവരും അനേകമത്രെ. നമ്മുടെ തോറുദത്ത്, സരോജിനീദേവി മുതലായവരേയും ഈ സന്ദർഭത്തിൽ അനുസ്മരിക്കാവുന്നതാണ്. എങ്കിലും അത്യുത്കൃഷ്ടമായ കാവ്യരചനയ്ക്ക് ആവശ്യമായിട്ടുള്ള ഭാവനാശക്തിയും, രീതിവൈചിത്ര്യവും സൃഷ്ടിപാടവവും പ്രകാശിപ്പിച്ചിട്ടുള്ള സ്ത്രീകൾ വളരെ വളരെ കുറവാണെന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

സ്ത്രീജനങ്ങളുടെ കലാപാടവം കുറേക്കൂടി അഭിനന്ദനീയമായിരിക്കുന്നതു് കല്പിത കഥാരചനയിലാണ്. ജോർജ്ജ് എലിയട്ട്, ജയിൻ ആസ്റ്റിൻ, വെർജീനിയാ വുൾഫ് തുടങ്ങിയ അനുഗൃഹീതകൾ ഏതു കാഥികന്മാരോടും കിടനില്ക്കത്തക്കവരാണ്. മഹോന്നതമായ സർഗ്ഗശക്തിയും, രീതിവൈശിഷ്ട്യവും, ആത്മനിയന്ത്രണവും ആവശ്യമുള്ള വലിയ ആഖ്യായികകളുടെ നിർമ്മിതിയിൽ മാത്രമേ സ്ത്രീകൾക്കു് പുരുഷന്മാരോടു മത്സരിക്കാൻ കഴിയാതിരുന്നിട്ടുള്ളു. നോവലെഴുതുന്നതിനു കാവ്യനിർമ്മാണത്തിനാവശ്യമുള്ള കരുക്കളെല്ലാം വേണ്ടിവരുന്നില്ല. പ്രായേണ നോവലുകൾ ജീവിതത്തിന്റെ ആവശീകൃതമായ രൂപമായിരിക്കും. മനുഷ്യസ്വഭാവത്തേയും, സാമുദായിക ജീവിതത്തേയും ശീഘ്രനിരീക്ഷണം ചെയ്യുന്നതിനുള്ള ശക്തിയും, വികാരപരമായ ഒരു പശ്ചാത്തലവുമാണ് നോവലെഴുതുന്നതിന്നാവശ്യമായിട്ടുള്ളതു്. സ്ത്രീപുരുഷന്മാർ തമ്മിലുള്ള ആഘാത പ്രത്യാഘാതങ്ങളാണു നോവലിന്റെ അടിസ്ഥാനം. അവയെ വേണ്ടതുപോലെ നിരീക്ഷണം ചെയ്യാൻ, സാമുദായിക കാര്യങ്ങളോടു പുരുഷന്മാരേക്കാൾ അടുപ്പമുള്ള സ്ത്രീകൾക്കു സഹജമായ സാമർത്ഥ്യമുണ്ട്. സാമുദായിക സംഭവങ്ങൾ സവിസ്തരമായും സമൂലമായും അറിയുന്നതും കൂടുതൽ കാലം ഓർമ്മിക്കുന്നതും സ്ത്രീകളാണ്. ഓരോ കലയ്ക്കും വികാരപരമായും വിചാരപരമായും ഉള്ള അംശങ്ങൾ ഉണ്ട്. ആ രണ്ട് അംശങ്ങളും യഥോചിതം നല്കുന്നതിനു സ്വാഭാവിക

മായ ശക്തിയുള്ളതുകൊണ്ടാണ്, സ്ത്രീകൾക്കു കഥാരചനയിൽ പൂർണ്ണമായ വിജയം പ്രാപിക്കാൻ സാധിച്ചിട്ടുള്ളതു്.

സ്ത്രീകൾക്കു പുരുഷന്മാരോടു കിടനില്ക്കുന്നതിനു മാത്രമല്ല, അവരെ യഥാർത്ഥത്തിൽ അതിശയിക്കുന്നതിനും പര്യാപ്തമായ ഒരു കലയുണ്ടു് — അഭിനയം. സ്ത്രീകൾ പുരുഷന്മാരേക്കാൾ വികാരപരവശകളാണ്. അവൾക്കു ആ വികാരങ്ങളെ എളുപ്പത്തിൽ പ്രകടിപ്പിക്കാനും സാധിക്കുന്നുണ്ടു്. ആവശ്യപ്പെട്ടപ്പോഴെല്ലാം സ്ത്രീകൾക്കു കരയാൻ സാധിക്കുമെന്നുള്ളതു പലരും മനസ്സിലാക്കിയിരിക്കുമല്ലോ. സ്ത്രീകളുടെ സാമുദായിക ജീവിതത്തിലെ പരിതഃസ്ഥിതികൾ, അവസരോചിതംപോലെ പെരുമാറാനും അവരെ സഹായിച്ചിട്ടുണ്ടു്.

"സ്ത്രീകൾ കലാവിദ്യകളിൽ അത്യുന്നതമായ സാമർത്ഥ്യം പ്രകടിപ്പിക്കാതിരിക്കുന്നതും, അവൾക്കു കലാപരമായ സൗന്ദര്യാവബോധം കുറഞ്ഞിരിക്കുന്നതും, അവരുടെ ലൈംഗിക വികാരങ്ങൾ പുരുഷന്മാരെ അപേക്ഷിച്ചു മന്ദപ്രഭമായിരിക്കുന്നതിനാലാണ്," എന്ന് ഫെറോ എന്ന ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു. സ്ത്രീകളുടെ ലൈംഗികവികാരമണ്ഡലം പുരുഷന്മാരെ അപേക്ഷിച്ചു കൂടുതൽ മാംസളവും വിപുലവുമാണെങ്കിലും പ്രകടനോന്മുഖമായ ഊർജ്ജസ്വലത അതിനു കുറവാണ്. പുരുഷന്മാരിലാകട്ടെ, ലൈംഗികവാസന അക്ഷീണമായ ശക്തിയെ ഉത്പാദിപ്പിക്കുകയും അതു വിവിധ സരണികളിലൂടെ കരകവിഞ്ഞൊഴുകുകയുമാണു ചെയ്യുന്നതു്.

ഹാവ് ലാക്ക് 'എല്ലിസ്സ്' ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ടെങ്കിലും മററു കാരണങ്ങൾകൂടി ചൂണ്ടിക്കാണിക്കുന്നുണ്ടു്. സ്ത്രീകൾ പുരുഷന്മാരേക്കാൾ വേഗത്തിൽ വളരുന്നുണ്ടെന്നുള്ളതു സർവസമ്മതമാണ്. സ്ത്രീകളുടെ ദേഹം മാത്രമല്ല, മനസ്സും ശീഘ്രമായി വളരുന്നുണ്ടു്. എന്നാൽ ഈ വളർച്ച കുറച്ചു കാലം കഴിയുമ്പോൾ നിന്നു പോകുന്നു. സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ചു ശിശുപരമായ ഒരവസ്ഥയിലാണു സ്ഥിതിചെയ്യുന്നതു്. ഇതു്, പ്രകൃതി മനഃപൂർവം ചെയ്യുന്ന ഒരു കൗശലം നിമിത്തമാണെന്നു പറയേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ ധർമ്മം, പ്രകൃതിയെപ്പോലെ സന്താനോത്പാദനമാണ്. ശിശുക്കളെ പ്രസവിക്കാനും, വളർത്താനും ശിശുസഹജമായ ഒരു മനോഭാവം അത്യന്താപേക്ഷിതമാണല്ലോ. സ്ത്രീകളുടെ മാനസികമായ വളർച്ചയെ തടഞ്ഞു കൊണ്ടാണ് പ്രകൃതി ഈ കാര്യം നിർവഹിക്കുന്നതു്.

പുരുഷന്മാരെ അപേക്ഷിച്ചു സ്ത്രീകളിൽ വ്യതിയാനം കുറഞ്ഞിരിക്കുന്നതാണു വേറൊരു കാരണം. കലാവാസനയെന്നുള്ളതു് ഒരു വ്യക്തിയെ മററുള്ളവരിൽ നിന്നു വേർതിരിച്ചു കാണിക്കുന്ന ഒരു ഗുണമാണ്. കായികമായും, മാനസികമായും, സ്ത്രീകളെ അപേക്ഷിച്ചു് പുരുഷന്മാരുടെ ഇടയിൽ വ്യതിയാനങ്ങൾ കൂടിയിരിക്കും. അംഗഭംഗമുള്ളവരും, മൂഢമതികളും, പ്രതിഭാശാലികളും ആയ ആളുകൾ പുരുഷന്മാരിലാണു കൂടുതലായിട്ടുള്ളതു്. സ്ത്രീകളാകട്ടെ ശരാശരിയായ ഒരവസ്ഥയിൽ നിന്നു സാരമായി വ്യതിചലിക്കുന്നില്ല. പുരുഷനു വ്യതിചലിക്കുന്നതിനും, അഭിവൃദ്ധിപ്പെടുന്നതിനും ഒരു വാസനാവിശേഷം കാണുന്നുണ്ടു്. സ്ത്രീകൾക്കു അങ്ങനെയില്ല. കലാസൃഷ്ടിക്കു് ഉത്പതിഷ്ണുതയും വ്യതിയാനവും കൂടിയേ തീരു. അവ പുരുഷനിൽ സുലഭവും സ്ത്രീയിൽ വിരളവുമായിരിക്കുന്നു.

—:o:—

*ഗാന്ധിജിയും കലയും

(ദിലീപ് കമാർ റോയി)

ഞാൻ എന്റെ ജീവിതത്തിൽ ആദ്യമായി മഹാത്മാ ഗാന്ധിയെ സന്ദർശിച്ചതു് 1924 ഫെബ്രുവരി മാസത്തിലെ ഒരു സുന്ദരമായ പ്രഭാതവേളയിലാണ്. ഒരു ഓപ്പറേഷനു ശേഷം അദ്ദേഹം പൂനാ ആശുപത്രിയിൽ കിടക്കുന്ന സന്ദർഭമായിരുന്നു അതു്. അദ്ദേഹം അന്നും ബന്ധസ്ഥനായിരുന്നുവെന്നു പറയാം. എന്തുകൊണ്ടെന്നാൽ 1922-ൽ ഗാന്ധിജിയെ ആറു വർഷത്തെ തടവിനു ശിക്ഷിച്ചിരിക്കയായിരുന്നു.

മഹാത്മജി ഒരു തലയിണമേൽ ചാരിക്കിടക്കുന്നതായിട്ടാണ് ഞാൻ കണ്ടതു്. അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന മഹാദേവ ദേശായി അടുത്തുതന്നെ ഇരിക്കുന്നുണ്ടായിരുന്നു. ഗാന്ധിജിയുടെ വദനത്തിൽ ഒരു പുഞ്ചിരി വ്യാപിച്ചിരുന്നു.

ഞാൻ ആശങ്കയോടെ ആ മഹാനായ രോഗിയുടെ മുറിയിൽ പ്രവേശിച്ചു. ആ രോഗശയ്യയിൽ വെച്ചു് അദ്ദേഹം എന്റെ നേരെ നോക്കി പുഞ്ചിരിതൂകിയപ്പോൾ എനിക്കു പറയുവാൻ വാക്കുകൾ കിട്ടിയില്ല. ശിശു സഹജമായ മൃദുസ്മിതത്തോടെ ആ ശയ്യയിൽ കിടന്നിരുന്ന ആ മഹാൻ ഒരു രോഗിയാണെന്നു ആർക്കു പറയുവാൻ കഴിയും?.

ഞാൻ ഗാന്ധിജിയെ പ്രണമിച്ചു. ബാംഗ്ലൂരിൽ നിന്നും പൂനയിലേക്കു വന്നതു അദ്ദേഹത്തിന്റെ ദർശനത്തിനു വേണ്ടിയാണെന്നു് ഞാൻ പ്രസ്താവിച്ചു.

"ഓ! നിങ്ങളുടെ ദയവിനു വന്ദനം," മഹാത്മജി സുസ്മേര വദനനായി മറുപടി പറഞ്ഞു.

തന്റെ കട്ടിലിനു സമീപം ഇരിക്കുവാൻ പറഞ്ഞിട്ടു് അദ്ദേഹം എന്റെ പേരെന്താണെന്നു് ചോദിച്ചു.

ഞാൻ എന്നെ പരിചയപ്പെടുത്തി. "നിങ്ങ

ളാണല്ലോ ആ പ്രസിദ്ധ ഗായകൻ," അടുത്തിരുന്ന മിസ്സിസ് സരോജിനി നായിഡു ചോദിച്ചു. "നിങ്ങൾ പാശ്ചാത്യ ഗാനരീതി ഭാരതീയ ഗീതങ്ങളിൽ വരുത്തുവാൻ ശ്രമിക്കുന്നുവെന്ന് ആളുകൾ പറയുന്നുണ്ടല്ലോ."

"ഇംഗ്ലണ്ടിലും ജർമ്മനിയിലും വെച്ചു ഞാൻ കുറെ യൂറോപ്യൻ സംഗീതം പഠിച്ചിട്ടുള്ളതു് വാസ്തവമാണ്. എന്നാൽ ആ രീതി ഭാരതീയ ഗാനങ്ങളിൽ വരുത്തുവാൻ ഞാൻ അഭിലഷിക്കുന്നില്ല."

"എങ്ങിനെയായാലും നിങ്ങളൊരു ഗായകനാണല്ലോ," ഗാന്ധിജി ഹൃദയം ദ്രവിപ്പിക്കുന്ന പുഞ്ചിരിയോടെ പറഞ്ഞു. "പിന്നെന്തുകൊണ്ടാണ് പാട്ടിനു പകരം വാക്കുകൾ ഉപയോഗിക്കുന്നതു്? എന്നെപ്പോലെയുള്ള ഒരു രോഗിക്കു വേണ്ടി നിങ്ങൾ പാടുമോ?."

"മഹാത്മജി! അവിടുത്തേക്കു വേണ്ടി പാടുവാൻ എനിക്കഭിമാനമുണ്ട്. ഞാൻ ഉച്ചതിരിഞ്ഞു എന്റെ സംഗീതോപകരണങ്ങൾ കൊണ്ടുവരാം. അവിടുത്തേക്കിഷ്ടമാകുമോ.?"

"തീർച്ചയായും. എന്നാൽ ഞാൻ നേഴ്സിനോടൊന്നു ചോദിച്ചു കൊള്ളട്ടെ."

നേഴ്സിനെ ആളയച്ചു വരുത്തി. മദ്ധ്യാഹ്നത്തിൽ അല്പം പാട്ടു പാടുന്നതു കൊണ്ടു് മററു രോഗികൾക്കു ബുദ്ധിമുട്ടുണ്ടാകുമോയെന്നു ഗാന്ധിജി അവരോടു ചോദിച്ചു.

"മി. ഗാന്ധി, നിങ്ങൾക്കു എത്ര പാട്ടുകൾ വേണമെങ്കിലുമാവാം. യാതൊരു വിരോധവുമില്ല," നേഴ്സ് മറുപടി പറഞ്ഞു.

അവരോടു നന്ദി പറഞ്ഞ ശേഷം ഗാന്ധിജി എന്റെ നേരെ തിരിഞ്ഞു: "ഇന്നു വൈകുന്നേരം അഞ്ചു മണിക്കു ശേഷം സംഗീതോപകരണങ്ങളുമായി വരുവാൻ കഴിയുമോ?"

"എനിക്കു വളരെ സന്തോഷമുണ്ട്. എന്നാൽ അവിടുന്ന് സംഗീതത്തെ ഇഷ്ടപ്പെടുന്നുണ്ടോ.?"

"എന്തൊരു ചോദ്യം! എന്റെ ബാല്യ കാലം മുതലെ ഞാൻ ഒരു സംഗീതാസ്വാദകനാണ്. എന്നാൽ ശാസ്ത്രീയമായി എനിക്കു സംഗീതത്തെക്കുറിച്ചു വലിയ ജ്ഞാനമൊന്നുമില്ല. അതായിരിക്കും പ്രധാനം അല്ലേ?"

"അതെ. ശാസ്ത്രീയ ജ്ഞാനം സംഗീതാസ്വാദനത്തെ കൂടുതൽ ദൃഢതരമാക്കുന്നു."

"ശരിയായിരിക്കാം. എന്നാൽ ഞാൻ ശാസ്ത്രീയാഭ്യസനത്തിനു വേണ്ടി ബുദ്ധിമുട്ടിയിട്ടില്ല. ആനന്ദത്തിനും, ഉത്തേജനത്തിനും വേണ്ടിയാണു ഞാൻ പാട്ടു കേൾക്കുന്നതു്."

ഗാന്ധിജി തുടർന്നു:

"ഞാൻ തെക്കെ ആഫ്രിക്കയിലെ ഒരു ആശുപത്രിയിൽ രോഗിയായി കിടക്കുമ്പോൾ എനിക്കു ഗാനങ്ങൾ എത്രമാത്രം ആനന്ദവും ഉന്മേഷവും സമാധാനവും നൽകിയിരുന്നുവെന്നു ഞാൻ ഇന്നും അനുസ്മരിക്കുന്നു. സത്യാഗ്രഹ വേളയിൽ ചില ക്ഷുബ്ധന്മാർ എന്നെ ഉപദ്രവിച്ചതിന്റെ ഫലമായി നേരിട്ട അത്യാഹിതത്തിൽ നിന്നും ഞാൻ അന്നു വിമുക്തനായി വരികയായിരുന്നു. എന്റെ അപേക്ഷപ്രകാരം അന്ന് എന്റെ ഒരു സ്നേഹിതന്റെ പുത്രി സാധാരണയായി വന്നു പാടുമായിരുന്നു. ആ ഗാനങ്ങൾ എന്റെ രോഗങ്ങൾക്കുള്ള ഒരു മഹൌഷധമായിത്തീർന്നിട്ടുണ്ട്. ഞാൻ സംഗീതം ഇഷ്ടപ്പെടുന്നു എന്നതിനു ഇതിൽ കൂടുതൽ തെളിവുകൾ ആവശ്യമാണോ?"

ഞങ്ങൾ ചിരിച്ചു.

* * * *

അന്നു വൈകുന്നേരം തമ്പുരുവുമായി ഞാൻ മഹാത്മജിയുടെ മുറിയിൽ ചെന്നപ്പോൾ അദ്ദേഹത്തിന്റെ ശയ്യ സായാഹ്ന സൂര്യകിരണങ്ങൾ തട്ടി മനോഹരമായിരുന്നു. സരോജിനി നായിഡുവും മഹാദേവ ദേശായിയും മററു രണ്ടു സന്ദർശകന്മാരും അവിടെ ഉണ്ടായിരുന്നു.

ഞാൻ ഒരു ഹിന്ദി കവിയുടെ പ്രസിദ്ധമായ ഒരു ഗാനം പാടി. രണ്ടാമതു മീരയുടെ ചരിത്രപ്രസിദ്ധമായ മറെറാരു ഗാനവും.

ഗാനാലാപം സമാപ്തീകരിച്ചപ്പോൾ ഗാന്ധിജി എന്റെ നേരെ നോക്കി പുഞ്ചിരി തൂകി. അദ്ദേഹത്തിന്റെ കണ്ണുകൾ മിന്നിപ്രകാശിക്കുന്നുണ്ടായിരുന്നു.

"മീരയുടെ ഗാനങ്ങളെല്ലാം സുന്ദരങ്ങളാണ്," അദ്ദേഹം പറഞ്ഞു.

"ഈ ഗാനങ്ങൾ അവിടുന്നു ഗുജറാത്തിൽ വെച്ചു സാധാരണയായി കേട്ടിട്ടുണ്ടാവും," ഞാൻ ചോദിച്ചു.

"എനിക്കവയിൽ പലതും ഹൃദിസ്ഥമാണ്. ആശ്രമ വാസികൾ മീരയുടെ ഗാനങ്ങൾ എന്നെ പാടി കേൾപ്പിക്കാറുണ്ട്."

ഗാന്ധിജിയുടെ ഈ അഭിപ്രായം കേട്ടപ്പോൾ ഞാൻ വളരെ സന്തോഷിച്ചു. കാരണം, ഞാൻ ആരാധിച്ചു കൊണ്ടിരുന്ന രണ്ടു മിസ്റ്റിക്ക് കവികളായിരുന്നു മീരാബായിയും കബീറും.

ഗാന്ധിജി തുടർന്നു:

"ആ ഗാനങ്ങൾ അത്രയ്ക്കു ഹൃദയാവർജ്ജകങ്ങളാണ്. മീരയുടെ ഗാനങ്ങൾ അവളുടെ ഹൃദയത്തിൽ നിന്നും ഒരു നിർഝരി പോലെയാണ് ഉയർന്നു വന്നിട്ടുള്ളതു്. യശസ്സിനു വേണ്ടിയോ, ജനപ്രീതി കാംക്ഷിച്ചോ എഴുതിയിട്ടുള്ളതല്ല ആ ഗാനങ്ങൾ. അവിടെ അതിന്റെ വിജയം നിലകൊള്ളുന്നു."

ഞാൻ പറഞ്ഞു:

"മനോഹരമായ നമ്മുടെ ഗാനങ്ങളെ സ്കൂളുകളും കോളേജുകളും വേണ്ടും വിധം പ്രോത്സാഹിപ്പിക്കാത്തതു സങ്കടകരമാണ്."

"അതു തികച്ചും നിർഭാഗ്യകരമാണ്. നാം അതിനു വേണ്ടി ഉണരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ പൊതു ജനങ്ങളുടെ വിമുഖതയും ഉദാസീനതയും മൂലം സുന്ദരമായ നമ്മുടെ ഗാനങ്ങൾ ജനമദ്ധ്യത്തിൽ നിന്നും തിരോഭവിക്കുവാൻ അനുവദിക്കുന്നതു് അനാശാസ്യമാണു."

"അവിടുത്തെ ഈ അഭിമതം എന്നെ ആനന്ദതുന്ദിലനാക്കുന്നു. എന്തുകൊണ്ടെന്നാൽ ആദ്ധ്യാത്മിക ജീവിതത്തിൽ കലക്കു് യാതൊരു സ്ഥാനവുമില്ലെന്നാണ് ഞാൻ വിശ്വസിച്ചിരുന്നതു്. സംഗീതത്തിനു എതിരു നില്ക്കുന്ന ഒരു സാധാരണ യതീശ്വരനാണ് അവിടുന്നെന്നു് ഞാൻ വിചാരിച്ചിരുന്നു."

"ഞാൻ സംഗീതത്തിനു എതിരു നില്ക്കുകയോ?" ഗാന്ധിജി അത്ഭുതപ്പെട്ടു. "നിങ്ങൾ അങ്ങിനെ വിശ്വസിക്കുന്നുണ്ടെങ്കിൽ അതിൽ തെറ്റില്ല. എന്തുകൊണ്ടെന്നാൽ എന്നെക്കുറിച്ചു പല തെറ്റിദ്ധാരണകളും നാട്ടിൽ പ്രചരിക്കുന്നുണ്ടു്."

ഗാന്ധിജി പൊട്ടിച്ചിരിച്ചു.

"എന്നാൽ ആദ്ധ്യാത്മിക സത്തയും കലയും കൂടിച്ചേരുന്നതിൽ ജനങ്ങൾ പ്രദർശിപ്പിക്കുന്ന ഉൽക്കണ്ഠയെക്കുറിച്ചു അവിടുന്നെന്തു പറയുന്നു?"

"ആദ്ധ്യാത്മികതയാണ് ജീവിതത്തിലെ ഏറ്റവും മഹത്തായ കല. കാരണം ആശ്രമ ജീവിതത്തിൽ സൌന്ദര്യം ദർശിക്കുന്നതു് കലാത്മകമായ വീക്ഷണം മൂലമാണ്. എന്നാൽ ഇന്നു് കലയെന്നതു് സാധാരണക്കാരന്റെ ഗ്രാഹ്യശക്തിക്കതീതമായി നില കൊള്ളുന്നു. അതിനാൽ ഞാൻ അതിനു വിലകല്പിക്കുന്നതു മറ്റൊരു വിധത്തിലാണ്. ഉദാഹരണമായി ഒരു കല — അതെത്രതന്നെ മഹനീയമായ ഒന്നായിരുന്നാലും — അതിനെ മനസ്സിലാക്കുവാൻ വളരെ അധികം സാങ്കേതികജ്ഞാനം ആവശ്യമാണെങ്കിൽ ഞാൻ അതിനെ കലയെന്നു് വിളിക്കുകയില്ല. എന്റെ അഭിപ്രായത്തിൽ കല പ്രകൃതിയെപ്പോലെ ആർക്കും ആസ്വദിക്കുവാൻ കഴിയുന്ന രൂപത്തോടു കൂടിയ ഒന്നായിരിക്കണം."

"എന്നാൽ ചുമരുകളെ ചിത്രങ്ങളാൽ അലംകൃതമാക്കുന്നതു് അവിടുന്നു് ഇഷ്ടപ്പെടാത്തതെന്താണ്?" ഞാൻ ഉൽക്കണ്ഠയോടെ ചോദിച്ചു.

"ചുമരുകൾ നിർമ്മിച്ചിരിക്കുന്നതിന്റെ ഉദ്ദേശം ചൂടിൽ നിന്നും തണുപ്പിൽ നിന്നും മനുഷ്യനു രക്ഷ നല്കുവാനാണ്. പിന്നെ അതു മറ്റു കാര്യങ്ങൾക്കു് ഉപയോഗിക്കുന്നതെന്തിനാണ്? ചുമരുകളിലെ ചിത്രങ്ങൾ എനിക്കു യാതൊരു പ്രചോദനവും നല്കുന്നില്ല; പ്രത്യുത, പ്രകൃതിയിലെ ശാശ്വത ചിത്രങ്ങൾ എന്നെ വളരെ അധികം ആകർഷിക്കുന്നു."

ഗാന്ധിജി തുടർന്നു:

"നക്ഷത്രങ്ങൾ നിറഞ്ഞ നിർമ്മലാകാശത്തെ ഞാൻ ചിലപ്പോൾ നോക്കി നിന്നുപോകാറുണ്ടു്. എന്റെ സൌന്ദര്യദാഹത്തെ ശമിപ്പിക്കുവാൻ അടവികളും, ശൈലങ്ങളും, സരിത്തുകളും, പാടങ്ങളും പര്യാപ്തമാകുന്നു. നക്ഷത്രജാലത്താൽ സമലംകൃതമായ ശാരദാകാശത്തോടു തുലനം ചെയ്യുവാൻ കഴിവുള്ള ഒരു ചിത്രം വരക്കുവാൻ കലാകാരന്റെ ബ്രഷിന് കഴിയുന്നുണ്ടോ? അതിനാലാണ് എനിക്കു വേണ്ടിടത്തോളം പ്രചോദനം പ്രകൃതി നല്കുന്നുവെന്നു പറഞ്ഞതു്.

---

* Among the Great എന്ന ഗ്രന്ഥത്തിൽ നിന്നു്.

പരിഭാഷകൻ: കെ. ഏ. സുകുമാരൻ.

ചെറുകഥ

രഹസ്യങ്ങൾ

(ജഗതി കെ. എം. പ്രസാദ്)

അന്നു് കാലത്തു് ആഫീസിൽ ചെന്നപ്പോൾ, തന്റെ മേൽവിലാസം എഴുതിയ ഒരു വലിയ 'പോസ്റ്റ് കവർ' മേശപ്പുറത്തു കിടക്കുന്നതു കണ്ടു് വറുഗീസ് അത്ഭുതപ്പെട്ടു. വറുഗീസിന് പോസ്റ്റിൽ കത്തയക്കാൻ ആരും തന്നെ ബന്ധപ്പെട്ടവരായിട്ടില്ലായിരുന്നു. കത്തെടുത്തു് അയാൾ തിരിച്ചും മറിച്ചും നോക്കി അതിന്റെ മുദ്ര പരിശോധിച്ചു. കോട്ടഴിച്ചു് കസേരയിൽ ഇട്ടശേഷം, ഒന്നു നിവർന്നിരുന്നു് വറുഗീസ് ആ കവർ പൊളിച്ചു. ഒരു 'ഫോട്ടോ' ആയിരുന്നു അതു്. അതുനോക്കി കുറേ നേരം അയാൾ മിഴിച്ചിരുന്നുപോയി.

"ആരുടെ ഫോട്ടോ ആണു വറുഗീസേ?" എന്നു ചോദിച്ചുകൊണ്ടു് ഗോവിന്ദൻ നായർ അടുത്തു കൂടി. മുഹമ്മദും, ശങ്കരപ്പിള്ളയും, കൊച്ചുകുഞ്ഞും വറുഗീസിന്റെ കയ്യിലിരിക്കുന്ന ഫോട്ടോ ഒരു നോക്കു കാണാൻ പതുക്കെ എഴുന്നേറ്റു ചെന്നു.

"ഇതു വറുഗീസിന്റെ ചെറുപ്പത്തിലുള്ള ഫോട്ടോ ആണല്ലോ!"

"വറുഗീസിന്റെ മുഖച്ഛായക്കു് അന്നത്തേതിൽ നിന്നും വലിയ മാറ്റമൊന്നും സംഭവിച്ചിട്ടില്ല."

"കാളേജിൽ വായിക്കുമ്പോൾ എടുത്തതായിരിക്കും."

ഓരോരുത്തർ ഓരോ അഭിപ്രായം തട്ടിമൂളിച്ചു. പക്ഷെ, വറുഗീസ് യാതൊന്നും മിണ്ടിയില്ല. ആ ചിത്രത്തിൽ തന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് അയാൾ ഇരിക്കുകയാണ്.

മാനേജർ കയറി വന്നു. ഗോവിന്ദൻ നായരും, മഹമ്മദും, ശങ്കരപ്പിള്ളയും, കൊച്ചുകുഞ്ഞും അവരവരുടെ സ്ഥാനങ്ങളിലേക്ക് മടങ്ങി.

വറുഗീസ് സാവധാനം ആ കവർ കയ്യിലെടുത്തു. മേൽവിലാസം രണ്ടു മൂന്നാവർത്തി നോക്കി. ആ കയ്യക്ഷരം അയാൾക്ക് ഒരു കാലത്ത് വളരെ അടുത്തു പരിചയമുള്ളതായിരുന്നു. വറുഗീസിന് മനസ്സിലായി. പതിനെട്ടു വർഷങ്ങൾ പിന്നിട്ട് അയാളുടെ ചിന്ത കഴിഞ്ഞ കാലത്തിലേക്ക് പറന്നുപോയി.

* * * * * *

ആ ബാങ്കിൽ വറുഗീസിനെ ഒരു ക്ലാർക്കായിട്ട് നിയമിച്ച ദിവസം അയാളുടെ ഓർമ്മയിൽ വന്നു. വറുഗീസ് ജോലിയിൽ പ്രവേശിച്ച അന്ന് ആദ്യമായി പരിചയപ്പെട്ടത് ടൈപ്പിസ്റ്റ് കല്യാണി അമ്മയുമായിട്ടായിരുന്നു. വെളുത്തു കൊഴുത്ത ശരീരം, നീണ്ടു കറുത്ത കണ്ണുകൾ, ചുവന്ന ചുണ്ടുകൾ, തേൻ തുളുമ്പുന്ന സംഭാഷണം—ആകപ്പാടെ കല്യാണിഅമ്മ വറുഗീസിന്റെ ഹൃദയം കവർന്നു കളഞ്ഞു. അതുപോലെ തന്നെ വറുഗീസിനെ കണ്ട മാത്രയിൽ യുവതിയായ കല്യാണിയമ്മയുടെ ഹൃദയത്തിലും പ്രേമം മൊട്ടിട്ടുപോയി. വറുഗീസിന് അന്ന് ഇരുപത്തിരണ്ടു വയസ്സു പ്രായമുണ്ടായിരുന്നുള്ളു. അന്ന് അയാൾ സുന്ദരനായിരുന്നു.

വറുഗീസിന് തന്റെ ഉററവരോ ഉടയവരോ എന്നു പറയാൻ ലോകത്തിൽ ആരും തന്നെ ഉണ്ടായിരുന്നില്ല. അയാളുടെ ചെറുപ്പത്തിൽ തന്നെ അമ്മയും അച്ഛനും മരിച്ചുപോയി. 'ഇൻറർ മീഡിയററ് ക്ലാസ്സ്'വരെ വറുഗീസിനെ പഠിപ്പിച്ചത് അമ്മാവനായിരുന്നു. അദ്ദേഹത്തിന്റെ മരണത്തോടുകൂടി വറുഗീസിന് സ്വന്തം കാലുകളിൽ നില്ക്കേണ്ടതായി വന്നുകൂടി.

തിരുവനന്തപുരത്തു വന്നതു മുതൽ വറുഗീസിന്റെ ജീവിതത്തിനു തന്നെ ഒരു വലിയ മാററം സംഭവിച്ചു. തല ചീകിവയ്ക്കുന്നതിലും, വസ്ത്രധാരണരീതിയിലും മററും അയാൾ കൂടുതൽ നിഷ്കർഷ ചെലുത്തി. ആകെക്കൂടി ഒന്നു പരിഷ്കരിച്ചു.

വറുഗീസ് ഒരു എടുത്തുചാട്ടക്കാരനല്ലായിരുന്നു. കല്യാണിഅമ്മയെ കണ്ട മാത്രയിൽ ഉടലെടുത്ത പ്രേമം അയാൾ വളരെ രഹസ്യമായിത്തന്നെ കുറെക്കാലം ഹൃദയത്തിൽ സൂക്ഷിച്ചുപോന്നു. കല്യാണിഅമ്മയോട് ആവശ്യമുണ്ടെങ്കിൽ മാത്രമേ വറുഗീസ് സംസാരിക്കുകയുള്ളു. അതുപോലെ തന്നെ കല്യാണിഅമ്മയും. പരസ്പരം അറിയാതെ അവർ അന്യോന്യം പ്രണയിച്ചുകൊണ്ടിരുന്നു. ഒരു നിശ്ശബ്ദ പ്രണയമായിരുന്നു അവരുടേത്.

കല്യാണിഅമ്മയുടെ സ്വദേശം തിരുവനന്തപുരം തന്നെയായിരുന്നു. വയസ്സായ തന്റെ തള്ളയുമൊരുമിച്ച് ടൌണിൽനിന്നും അല്പം അകലെയാണ് അവൾ താമസിച്ചിരുന്നത്. ഒരു ഒതുങ്ങിയ ജീവിതമായിരുന്നു അവരുടേത്.

മാസങ്ങൾ ഒന്നു രണ്ടു കഴിഞ്ഞു. വറുഗീസ് വളരെ കരുതലോടുകൂടി കല്യാണിഅമ്മയ്ക്ക് ഒരു കത്തെഴുതി ഏഴെട്ടു ചുരുചുരുക്കുള്ള വാചകങ്ങളിൽ. ആഫീസിൽ മററാരുമില്ലാത്ത സമയം നോക്കി വറുഗീസ് കല്യാണിഅമ്മയ്ക്ക് ആ കത്തു കൊടുത്തു. 'വീട്ടിൽ ചെന്നു പൊട്ടിച്ചു വായിച്ചാൽ മതിയെന്നും, നാളെ താൻ മറുപടി പ്രതീക്ഷിക്കുന്നു എന്നും' മുഖവുരയായി വറുഗീസ് പറഞ്ഞു. കല്യാണിഅമ്മ മുഖത്തു നോക്കാതെ കുനിഞ്ഞിരുന്ന് ഒന്നു മൂളുക മാത്രം ചെയ്തു.

അന്നു രാത്രി വറുഗീസിന് അശ്ശേഷം ഉറക്കം വന്നില്ല. അടുത്ത ദിവസം അയാളുടെ ഭാവിജീവിതത്തെ സാരമായി സ്പർശിക്കുന്ന ഒരു ദിവസമാണെന്ന് അയാൾക്കു തോന്നി. "സമുദായത്തിന്റെ പേരിൽ ചിലപ്പോൾ തന്റെ പ്രണയാർച്ചന അവൾ നിരസിച്ചേക്കാം." "അവൾ എന്നെ പ്രണയിക്കുന്നുണ്ടായിരിക്കുമോ?" ഇപ്രകാരമുള്ള വിഷാദചിന്തകൾ വറുഗീസിനെ വീർപ്പുമുട്ടിച്ചു.

അടുത്ത ദിവസം അല്പം നേരത്തേതന്നെ വറുഗീസ് ആഫീസിൽ എത്തി. മണി പത്തു കഴിഞ്ഞിട്ടും, സാധാരണ നേരത്തേ വരാറുള്ള കല്യാണിഅമ്മയെ കണ്ടില്ല. ഓരോ നിമിഷവും വറുഗീസ് കാത്തിരുന്നു, കല്യാണിഅമ്മയുടെ വരവിനു വേണ്ടി. മണി പതിനൊന്നായപ്പോൾ പ്യൂൺ കുട്ടൻപിള്ള വന്നു പറഞ്ഞു, "കല്യാണിഅമ്മസ്സാറിന് ഇന്ന് അവധിയാണ്. സുഖമില്ലപോലും." വറുഗീസ് അതു കേൾക്കാത്ത മട്ടിൽ, മുഖത്തു വീശിയ നിരാശയെ മറയ്ക്കാൻ കുനിഞ്ഞു മേശ തുറന്ന് ഒരു 'ഫയലെ'ടുത്തു വച്ച് എഴുതാൻ തുടങ്ങി. അന്ന് വറുഗീസിന് ഒരു ദുർദ്ദിനമായിരുന്നു.

അടുത്ത ദിവസം കല്യാണിഅമ്മ കയറി വന്നപ്പോൾ, അവളുടെ മുഖത്ത് എന്തോ ഒരു മാററം സംഭവിച്ചിരിക്കുന്നതായി വറുഗീസിന് തോന്നി. ഒരു വ്രീളഭാവം. അന്ന് കല്യാണിഅമ്മയോട് വറുഗീസും, വറുഗീസിനോട് കല്യാണിഅമ്മയും ഒന്നും സംസാരിച്ചില്ല. വറുഗീസിന്റെ ഹൃദയത്തിൽ മറുപടി അറിയാനുള്ള ഉൽക്കണ്ഠ കിടന്ന് പുളയുകയായിരുന്നു. പക്ഷെ, എന്തോ അയാൾക്കന്ന് ഒന്നും തോന്നിയില്ല.

അടുത്ത ദിവസം ആഫീസു വിട്ട് വെളിയിലേക്കിറങ്ങിയപ്പോൾ വറുഗീസിന് കല്യാണിഅമ്മയോട് സംസാരിക്കാൻ സൗകര്യം ലഭിച്ചു.

"കത്തു വായിച്ചോ?" അല്പം ധ്രുതഗതിയിലാണ് വറുഗീസ് ആ ചോദ്യം ചോദിച്ചതു്.

കല്യാണിഅമ്മ കുനിഞ്ഞു്, നിലത്തു് തള്ളവിരൽകൊണ്ട് എന്തോ വരച്ച് ഒന്നു മന്ദഹസിച്ചു. വറുഗീസിന്റെ മുഖം വികസിച്ചു.

"വായിച്ചു. പക്ഷെ—"

"പക്ഷെ—?"

"സമുദായം നമ്മുടെ ബന്ധത്തിന് അനുവദിക്കുമോ?"

"ഏതു സമുദായം? ഹൃദയവും ഹൃദയവും തമ്മിലുള്ള വേഴ്ചയെ സമുദായത്തിന് എങ്ങനെ തടുക്കുവാൻ കഴിയും?"

"വയസ്സായ എന്റെ അമ്മയുടെ കാര്യം......"

അതിനിടയ്ക്ക് കൊച്ചുകുഞ്ഞു് കടന്നു വന്നു. അവരുടെ സംഭാഷണം പെട്ടെന്നു നിലച്ചു. കൊച്ചു കുഞ്ഞിന്റെ കൂടെ വറുഗീസിന് വെളിയിലേക്ക് പോകേണ്ടിവന്നു.

വറുഗീസിന് ജീവിതത്തിൽ ഒരു പുതിയ ഉന്മേഷം തോന്നിത്തുടങ്ങി. അവർ അന്യോന്യം രഹസ്യമായിട്ടങ്ങനെ കത്തുകൾ പലതും കൈമാറി. ആരുമാരും അറിയാതെ ആ പ്രണയതരംഗിണി നിശ്ശബ്ദം ഒഴുകിക്കൊണ്ടിരുന്നു.

ഹൃദയത്തിന്റെ ഐക്യത്തിൽ അവർ ഭാര്യാഭർത്താക്കളായി. പക്ഷെ, അതു് ഒരു വലിയ രഹസ്യമായിരുന്നു. വറുഗീസ് രാത്രി സമയങ്ങളിൽ കല്യാണിഅമ്മയുടെ വീട്ടിൽ പോവുക പതിവായി. രോഗവും കട്ടിലും ആയി വേർ പിരിയാതെ കിടക്കുന്ന വയസ്സായ തള്ള അറിയാതെ അവിടെ പലതും നടന്നുകൊണ്ടിരുന്നു. പ്രണയ നാടകത്തിലെ പ്രഥമ രംഗങ്ങൾ.

ആഫീസിൽ വച്ചോ, റോഡിൽ വച്ചോ, തമ്മിൽ കണ്ടാൽ അവർ അപൂർവ്വമായിട്ടേ സംസാരിക്കാറുണ്ടായിരുന്നുള്ളു. ലോകം അവരെ സംശയദൃഷ്ടിയോടെ വീക്ഷിച്ചില്ല. അവരെപ്പററി അപവാദം പറഞ്ഞു പരത്തിയില്ല.

ഒരു വർഷം കഴിഞ്ഞു. കല്യാണി അമ്മയുടെ തള്ള മരിച്ചു. അവൾ താമസം പട്ടണത്തിലേക്കു മാററി. വറുഗീസിന്റെ സന്ദർശനം ലോകമറിയാതെ അപ്പോഴും ഉണ്ടായിക്കൊണ്ടിരുന്നു. അയാളുടെ സ്വപ്നമാത്രയിൽ കല്യാണി അമ്മയുടെ സങ്കടങ്ങൾ പമ്പ കടക്കുമായിരുന്നു.

ആഴ്ചകൾ ഏഴെട്ട് അടന്നു പോയി. ഒരു ദിവസം കല്യാണി അമ്മയ്ക്കു പകരം കല്യാണി അമ്മയുടെ രാജിക്കത്താണ് ആഫീസിൽ വന്നു ചേർന്നതു്.

ആ വാർത്ത കേട്ട മാത്രയിൽ വറുഗീസ് അമ്പരന്നു പോയി. അന്നു വൈകിട്ട് അയാൾ ആഫീസിൽനിന്നും നേരേ ഇറങ്ങി നടന്നതു് കല്യാണി അമ്മയുടെ വീട്ടിലേക്കായിരുന്നു. ഗേററു തുറന്ന് വറുഗീസ് അകത്തു കയറി. വാതിലുകളും ജനാലകളും എല്ലാം അടച്ചിട്ടിരിക്കുന്നു. ചാരിയിരുന്ന ഒരു ജനാല തുറന്നു, അകത്തു നോക്കി. ആരുമില്ല. " കല്യാണി അമ്മേ! " എന്ന് ഒന്നുരണ്ടാവർത്തി വിളിച്ചു. മറുപടി ഇല്ല. വീട്ടുടമസ്ഥനോടു വിവരം അന്വേഷിച്ചപ്പോൾ, തലേ ദിവസം രാത്രി അവൾ വീട്ടിന്റെ വാടകയും താക്കോലും ഏല്പിച്ചിട്ട് പോയി എന്നായിരുന്നു വറുഗീസിനു കിട്ടിയ മറുപടി. തന്റെ തല കറങ്ങുന്നതായി വറുഗീസിനു തോന്നി. തലേ ദിവസം രാത്രിയിൽ കല്യാണി അമ്മയെ സന്ദർശിക്കാൻ സാധിക്കാഞ്ഞതിൽ അയാൾ പശ്ചാത്തപിച്ചു. അയാൾ റോഡിൽ ഇറങ്ങി നടന്നു. ആരോടു ചോദിക്കാൻ? "അവൾ എന്നോട് ഒരക്ഷരം പറയാതെ എവിടെ പോയി?" വറുഗീസ് സ്വയം ചോദിച്ചു. അയാളുടെ തല പുകഞ്ഞു കൊണ്ടിരുന്നു. ഹൃദയം തകർന്നു കൊണ്ടിരുന്നു. വറുഗീസ് നേരേ വീട്ടിൽ ചെന്ന് കട്ടിലിൽ കയറി കിടന്നു. ചുററും കൂരിരുട്ട്.

അടുത്ത ദിവസം ആഫീസിൽ പോകാതിരിക്കാൻ വറുഗീസിനു നിവൃത്തിയില്ലായിരുന്നു. ആ മാസത്തിലെ ഒടുക്കത്തെ ദിവസം. വറുഗീസ് അടുത്ത ദിവസം ആഫീസിൽ ചെന്നപ്പോൾ മേശപ്പുറത്തു് ഒരു എഴുത്തു കിടക്കുന്നു. തിടുക്കത്തിൽ അയാൾ അതു പൊട്ടിച്ചു.

"............

എങ്ങിനെയാണ് സംബോധന ചെയ്യേണ്ടതെന്ന് എനിക്കറിഞ്ഞു കൂടാ. എന്റെ സാന്നിദ്ധ്യം അങ്ങയുടെ പേരിനെ കളങ്കപ്പെടുത്തും. ഞാൻ അവിടത്തേക്ക് ഒരു ഭാരമായിരിക്കും. നമ്മുടെ പ്രണയം ലോകം അറിയാതെ രഹസ്യമായിത്തന്നെ ഇരിക്കട്ടെ. അങ്ങയെ ഞാൻ എന്നും സ്മരിക്കും. ഞാൻ ഈ നാടു വിടുകയാണ്. എന്റെ ദൌർബല്യത്തിനു മാപ്പു തരിക.

എന്ന്

അങ്ങയുടെ സ്നേഹമുള്ള

കല്യാണി അമ്മ "

വറുഗീസിന് ഒന്നും മനസ്സിലായില്ല. എല്ലാം തകിടം മറിഞ്ഞതു പോലെ ഒരു തോന്നൽ. ഒന്നു കൂടി ആയതു് അയാൾ വായിച്ച് മടക്കി പോക്കററിലിട്ടു.

വറുഗീസിന്റെ പ്രണയം മുഴുവൻ കല്യാണി അമ്മയ്ക്കു സമ്മാനിച്ചു കഴിഞ്ഞിരുന്നതു കൊണ്ട് അയാൾ ഒരു അവിവാഹിതനായിത്തന്നെ കഴിയാൻ

തീച്ച്പ്പെടുത്തി. വറുഗീസിന്റെ ജീവിതത്തിലെ പ്രകാശം അന്നാണ് അസ്തമിച്ചത്.

* * * * * *

വറുഗീസിന്റെ സ്മരണയിൽ കൂടി ഇത്രയും സംഭവങ്ങൾ പെട്ടെന്നു കടന്നു പോയി. കല്യാണി അമ്മ ഒളിച്ചോടിപ്പോയതിന്റെ രഹസ്യം പതിനാറു കൊല്ലങ്ങൾക്കു ശേഷം അങ്ങനെ വറുഗീസ് അറിഞ്ഞു. അതിന്റെ സാക്ഷ്യപത്രമെന്നോണം സ്വന്തം മകന്റെ ചിത്രം അയാളുടെ മുമ്പിൽ കിടക്കുന്നു.

വറുഗീസ് ആ ഫോട്ടോ വീണ്ടും എടുത്തു നോക്കി.

അന്നു വറുഗീസ് വീട്ടിൽ ചെന്ന് വളരെ നേരം എന്തൊക്കെയോ ആലോചിച്ചു കൊണ്ടു കിടന്നു. അതിനു ശേഷം മേശ തുറന്ന് ഒരു ചെറിയ പുസ്തകത്തിനകത്തു നിന്നും ഒരു ഫോട്ടോ വെളിക്കെടുത്തു. കല്യാണി അമ്മയുടെ ഫോട്ടോ ആയിരുന്നു അത്. അതുപോലെ വറുഗീസിന്റെ ഒരു ഫോട്ടോ കല്യാണി അമ്മയ്ക്കും അയാൾ സമ്മാനിച്ചിട്ടുണ്ട്. വറുഗീസ് വളരെ നേരം ആ ഫോട്ടോയിൽ തന്നെ ദൃഷ്ടിയുറപ്പിച്ചു കൊണ്ടിരുന്നു. അതിനു ശേഷം അന്നു വന്ന തന്റെ മകന്റെ ഫോട്ടോ മാത്രം വേർപെടുത്തി എടുത്ത് രണ്ടുംകൂടി അയാളുടെ പോക്കററ് ഡയറിയുടെ അകവശങ്ങളിലായി ഒട്ടിച്ചു. അതിന്റെ താഴെ ഇപ്രകാരം വറുഗീസ് എഴുതി വെച്ചു.

"പൊട്ടിത്തകന്ന ആശകൾ"

വറുഗീസ് ആ ഡയറി മടക്കി തന്റെ കറുത്ത കോട്ടിന്റെ അകത്തെ പോക്കററിൽ നിക്ഷേപിച്ചു. ആ കറുത്ത കോട്ട് അയാൾ ധരിക്കാൻ തുടങ്ങിയിട്ട് പതിനാറു കൊല്ലമായി. കല്യാണി അമ്മയുടെ തിരോധാനത്തിനു ശേഷമാണത്. മരിക്കാൻ വേണ്ടി വറുഗീസ് പിന്നീട് ജീവിക്കുകയായിരുന്നു.

വറുഗീസിന് ഇന്ന് നാല്പതു കഴിഞ്ഞു. അയാളുടെ കവിൾത്തടങ്ങൾ ക്രമത്തിലധികം ഒട്ടിവലിഞ്ഞു പോയി. കണ്ണുകൾ കുഴിഞ്ഞു താണു പോയി. ആ കണ്ണുകൾ—അവയെ ഒരിക്കൽ കണ്ടാൽ മറക്കാൻ സാധിക്കുകയില്ല. അവയുടെ പിന്നിൽ ആയിരമായിരം നിരാശകൾ തങ്ങി നില്പുണ്ട്.

വറുഗീസിന് ഒരു വലിയ രോഗം കൂടി ഉണ്ടായിരുന്നു. കൂടെക്കൂടെ കടുത്ത നെഞ്ചുവേദന ഉണ്ടാവുക.

വറുഗീസിന്റെ രഹസ്യ ജീവിതത്തെപ്പററി ആർക്കും ഒന്നും അറിഞ്ഞു കൂടാ. അയാൾ സംസാരിക്കുന്നതുതന്നെ വളരെ അപൂർവ്വമാണ്. ഒരു വിഷാദ ചിന്തകനായിരുന്നു വറുഗീസ്.

നീണ്ട ഒൻപതു വർഷങ്ങൾ ഇഴഞ്ഞു മാറി. നിരാശയുടെ നിഴൽപ്പാടുകളിൽ കൂടി വറുഗീസിന്റെ ജീവിതവും വഴുതിക്കൊണ്ടിരുന്നു.

വറുഗീസ് ഇന്ന് നെഞ്ചുവേദനയുടെ അടിമയായിത്തീന്നിരിക്കുകയാണ്.

"വറുഗീസ് വല്ല ഡോക്ടറേയും കാണിക്കാത്തതെന്ത്? ഇതിങ്ങനെ വച്ചുകൊണ്ടിരുന്നാൽ വലിയ അപകടമാണ്," ഒരാൾ ഉപദേശിച്ചു.

"ഈ നെഞ്ചുവേദനയെല്ലാം ഒരിക്കൽ അവസാനിക്കും." വിഷാദച്ഛായ കലന്ന സ്വരത്തിൽ വറുഗീസ് മറുപടി പറയും.

വറുഗീസിന് ദീനം കൂടിക്കൂടി വന്നു. ജീവിതവും മരണവും തമ്മിലുള്ള മത്സരം ആരംഭിച്ചു.

"ഡോക്ടർ വറുഗീസിനെ കാണിച്ചാൽ മതി. മിടുക്കനാണദ്ദേഹം. രണ്ടു മാസം കൊണ്ട് നിങ്ങളുടെ ഈ സുഖക്കേട് ഭേദമാകും," രാമൻ പിള്ള ഉപദേശിച്ചു. പലരും ഉപദേശിച്ചു.

നിവൃത്തിയില്ലാതെ വറുഗീസ് ഒടുവിൽ ഡോക്ടറെ ചെന്നു കാണാൻ തീച്ച്പ്പെടുത്തി.

ആയിടയ്ക്ക് തിരുവനന്തപുരത്തു വന്ന് ഒരു പുതിയ ധർമ്മാസ്പത്രി സ്ഥാപിച്ച്, പ്രശംസനീയമാംവണ്ണം സാധുജനസംരക്ഷണത്തിൽ ഏപ്പെട്ടിരുന്ന ഒരു ചെറുപ്പക്കാരനായിരുന്നു ഡോക്ടർ വറുഗീസ്.

വറുഗീസിന്റെ ജീവിതം പോലെ തുന്നലുകൾ വിട്ടു തുടങ്ങിയ ആ പഴയ കോട്ടും ധരിച്ച് അടുത്ത ദിവസം രാവിലെ അയാൾ ഡോക്ടർ വറുഗീസിനെ കാണാൻ ചെന്നു. ഒരു ആസ്പത്രിയിൽ ചെല്ലുന്നത്, വറുഗീസ് അന്നു ആദ്യമായിട്ടാണ്. വരാന്തയിൽ കൂടി സാവധാനം നടന്ന് ഡോക്ടറുടെ മുറിയുടെ മുൻപിൽ അയാളെത്തി. "അല്പം നില്ക്കണം. ഡോക്ടർ പ്രാത്ഥിക്കുകയാണ്," പ്യൂൺ വറുഗീസിനെ തടഞ്ഞു. വറുഗീസ് ജനാലയുടെ തിരശ്ശീലയ്ക്കു മുകളിൽ കൂടി മുറിയിലേയ്ക്കൊന്നെത്തി നോക്കി. ഡോക്ടർ ഒരു വലിയ ചിത്രത്തിന്റെ മുൻപിൽ മുട്ടുകുത്തി പ്രാത്ഥിക്കുകയായിരുന്നു. വറുഗീസ് ആ ചിത്രം സൂക്ഷിച്ചു നോക്കി. ക്രിസ്തുവിന്റെ പടമല്ലായിരുന്നു അത്. അയാൾക്കു അയാളുടെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അയാൾ വീണ്ടും വീണ്ടും നോക്കി. അതേ, കല്യാണി അമ്മയുടേയും അയാളുടേയും ചിത്രങ്ങൾ ഒന്നിച്ചു 'ഫ്രെയിം' ചെയ്തു വച്ചിരിക്കുന്നു. വറുഗീസിനു തല ചുറ്റുന്നതായി തോന്നി. അയാൾ ജനാലയുടെ ഇരുമ്പഴികളിൽ ബലമായി പിടിച്ചു. ആ ചിത്രത്തിലും, ഡോക്ടറുടെ മുഖത്തും അയാൾ മാറി മാറി നോക്കി. "പൊന്നു മോനേ!" എന്നു വിളിക്കാൻ അയാൾ ആശിച്ചു. പക്ഷെ, ശബ്ദം പുറത്തു വന്നില്ല. അയാൾ ബോധരഹിതനായി താഴെ വീണു.

അന്ന് ഉച്ചയോടു കൂടി ഡോക്ടർ വറുഗീസി

ൻെറ ആശുപത്രിയിൽ കിടന്നു തന്നെ വറുഗീസ് മരിച്ചു. അവകാശപ്പെടാനാരുമില്ലാത്ത അയാളുടെ ശവശരീരം 'പോസ്റ്റ്മാർട്ടം' ചെയ്യപ്പോൾ അയാളുടെ കോട്ടിനുള്ളിൽ നിന്നും ആ പഴയ ഡയറി അധികാരികൾ കണ്ടെടുത്തു. ഇൻസ്പെക്ടരുടെ സമീപം നിന്ന 'ഡോക്ടർ വറുഗീസ്' ആവേശത്തോടെ അതു വാങ്ങി നോക്കി. ഡോക്ടരുടെ രക്തം പെട്ടെന്ന് തണുത്തുറഞ്ഞു പോയി.

"ശവസംസ്കാരം ഞാൻ എൻെറ ചിലവിൽ നടത്തിക്കൊള്ളാം" എന്നു പറഞ്ഞു കൊണ്ട്, ഡോക്ടർ തിടുക്കത്തിൽ മുറിയ്ക്കകത്തു കയറിപ്പോയി.

രണ്ടു വഷങ്ങൾക്കു മുൻപ്, കല്യാണി അമ്മ മരിക്കുന്ന അവസരത്തിൽ പറഞ്ഞ 'ഒടുക്കത്തെ വാക്കുകൾ' ഡോക്ടരുടെ ചെവികളിൽ അപ്പോഴും മുഴങ്ങിക്കൊണ്ടിരുന്നു.

" നീ മരിക്കുന്നതിന് മുൻപ് നിനക്ക് നിൻെറ അച്ഛനെ കാണാൻ കഴിയും !"...........

(പകപ്പവകാശം കാഥികന്)

—೪೦೪—

അന്വേഷകൻ

(ശ്രീധർ, തമ്പലക്കാട്)

[അന്നനട]

ഒരായിരം തപ്ത വിചാരമുണ്ടെൻെറ
വിരിമെത്ത നിത്യം നനയ്ക്കുവാനിഹ!

നിശയിൽ നിത്യവും ലളിതകോമള-
ശശികല നീല നിലാവു ചിന്നവെ,
പരിചിൽത്താരക നിരകളംബര-
പ്പുരവതാനിയിൽ ത്തിളങ്ങി നില്ക്കവേ,
കളകളാലാപം ചൊരിഞ്ഞുനീളെ രാ-
ക്കിളികളീവിധ മിളകിപ്പോകവേ,
വസുന്ധരയ്ക്കു 'മിക്കിളി'യിളകുമ്പോ
ളുസുന്ദരാശയനിവൻ കരളിതാ
ഗളിതഗദ്ഗദം കരകയാണഹോ!
കളിയാക്കാൻ ലോകം വിരഞ്ഞു നില്ക്കിലും!

കറുത്ത വാവിൻെറ മുരടിച്ചകരം
ധരയിലാകവേ കരിവിതറുമ്പോൾ
പ്രശാന്തത തൻെറ പ്രകട രൂപമീ
ധരാതലം മേന്മേൽ സമാസാദിക്കവേ,
ശ്മശാനചിന്തകൾ മനുജൻെറ ചിത്ത-
മഹിമയൊക്കെയു മപഹരിക്കുമ്പോൾ,
ഇവനുമങ്ങനെ കരഞ്ഞുപോയിട്ട-
മിവിടെ യെന്തിനെന്നറിയാതെ തന്നെ.

* * * * *

അഹോ! കഷ്ടമെന്തോ തിരഞ്ഞുകൊണ്ടു ഞാൻ
മഹാവനം തന്നിലലയുകയത്രേ!
ഒരുവരുമില്ലാ തുണയായിട്ടയ്യോ!
കരയുകല്ലാതിങ്ങെനിക്കേതു വഴി?
അലഞ്ഞലഞ്ഞു ഞാൻ തളൻനുപോയിഹാ!
കളഞ്ഞ വസ്തുവോ ലഭിച്ചതുമില്ല!
അതുമല്ലാ കഷ്ടം! കളഞ്ഞു വസ്തുവി-
ന്നൊതു പദാത്ഥമെന്നഹോ മറന്നും പോയ്
സ്മരണ മാഞ്ഞുപോയ് വിശിഷ്ട വസ്തുവും
മറഞ്ഞു ഞാൻ നിന്നു കരയുകയത്രേ!
എനിക്കു പോയതേതൊരു വസ്തുവെന്ന്
ഗണിക്കുവാനൊരു ഗണകനുമില്ല!

ഒരായിരം തപ്ത വിചാരമുണ്ടെൻെറ
വിരിമെത്ത നിത്യം നനയ്ക്കുവാനതാൽ!

* * * * *

എനിക്കു പററിയോരമളിതന്നല്ലേ?
നിനക്കും പററിയതിവിടെ സോദരാ!

—(!)—

Feed the Poor— Starve the Bankers

I. Share your Wealth

1. God wants us
   to be our brother's keeper.
2. To feed the hungry,
   to clothe the naked,
   to shelter the homeless,
   to instruct the ignorant,
   at a personal sacrifice,
   is what God
   wants us to do.
3. What we give to the poor
   for Christ's sake,
   is what we carry with us
   when we die.
4. As Jean Jacques Rousseau says:
   "When man dies
   he carries
   in his clutched hands
   only that which
   he has given away."

2. Why Not Be A Beggar?

1. People who are in need
   and are not afraid to beg,
   give to people not in need
   the occasion to do good
   for goodness' sake.
2. Modern society
   calls the beggar,
   bum and panhandler
   and gives him the bum's rush.
3. The Greeks used to say
   that people in need
   are the ambassadors of the gods.
4. We read in the Gospel:
   "As long as you did it
   to one of the least
   of My brothers,
   you did it to Me."
5. While modern society
   calls the beggars
   bums and panhandlers,
   they are in fact
   the ambassadors of God.
6. To be God's ambassador
   is something
   to be proud of.

3. What St. Francis Desired

According to Jorgensen,
a Danish convert
living in Assisi,

1. Saint Francis desired
   that men should give up
   superfluous possessions.
2. Saint Francis desired
   that men should work
   with their hands.
3. Saint Francis desired
   that men should
   offer their services
   as a gift.
4. Saint Francis desired
   that men
   Should ask other people
   for help
   when work failed them.
5. Saint Francis desired
   that men should live
   as free as birds.
6. Saint Francis desired
   that men should
   go through life
   giving thanks to God
   for His gifts.

4. The Wisdom of Giving

1. To give money to the poor
   is to enable the poor to buy.
2. To enable the poor to buy
   is to improve the market.
3. To improve the market
   is to help business.
4. To help business
   is to reduce unemployment.
5. To reduce unemployment
   is to reduce crime.
6. To reduce crime
   is to reduce taxation.
7. So why not give to the poor
   for business' sake,
   for humanity's sake,
   for God's sake?

5. The Fallacy of Saving

1. When people save money,
   that money is invested.
2. Money invested
   increases production.

3. Increased production
brings a surplus
in production.
4. A surplus in production
brings unemployment.
5. Unemployment
brings a slump
in business.
6. A slump in business
brings more unemployment.
7. More unemployment
brings a depression.
8. Depression
brings more depression.
9. More depression
brings red agitation.
10. Red agitation
brings red revolution
11. That is what people get
for saving money
for a rainy day.

6. Wealth-producing Maniacs

1. When John Calvin
legalized money lending
at interest,
he made the bank account
the standard of values.
2. When the bank account
became the standard of values,
people ceased
to produce for profits.
3. When people began
to produce for profits
they became
wealth-producing maniacs.
4. When people became
wealth-producing maniacs
they produced
too much wealth.
5. When people found out
that they had produced
too much wealth
they went on an orgy
of wealth destruction,
and destroyed
ten million lives besides.

7. Mortgaged

1. Because the State
has legalized
money lending at interest
in spite of the teachings
of the Prophets of Israel
and the Fathers of the Church,
home - owners
have mortgaged
their homes;
farm owners
have mortgaged
their farms;
institutions
have mortgaged
their buildings;
public bodies
have mortgaged
their budgets.
2. So a large portion
of the national income
goes to money lenders
because the State
has legalized
money lending at interest
in spite of the teachings
of the Prophets of Israel
and the Fathers of the
Church.

8. Avoiding Inflation

1. Some say
that inflation
is desirable.
2. Some say
that inflation
is deplorable.
3. Some say
that inflation
is deplorable,
but inevitable.
4. The way
to lighten the burden
of the money borrowers
without robbing
the money lenders,
is to pass two laws—
one law
making immediately illegal
all interest
on money lent,
and another law
obliging the money
borrowers
to pay one percent
of their debt
every year
during a period
of a hundred years.

സ്റ്റേററ് കോൺഗ്രസ്സിൻെറ കർത്തവ്യം

(ഐ. സി. ചാക്കോ, ബി. എസ്‌സി. (ലണ്ടൻ), ബി. എ;
എ. ആർ. സി. എസ്. (ലണ്ടൻ) എ. ആർ. സി. എം. (ലണ്ടൻ)

കമ്മ്യൂണിസത്തിൻെറ ആദശങ്ങളേയും കർമ്മപദ്ധതികളേയും പരാമശിച്ച് പല ഗ്രന്ഥങ്ങളും ലഘുലേഖകളും പ്രസിദ്ധം ചെയ്യപ്പെട്ടനുണ്ട്. ആ ആദശങ്ങളും പദ്ധതികളും മനുഷ്യസമുദായത്തിന് ഉത്കഷം കൈവരുത്തുന്നതിനു പകരം അപകഷമുണ്ടാക്കുമെന്നു വിമശകന്മാർ തെളിയിക്കുന്നു. ഇതെല്ലാം ശരിതന്നെ. പക്ഷെ, കമ്മ്യൂണിസക്കാർ അവരുടെ വാദങ്ങൾ ഉന്നയിക്കുന്നതെന്തിനാണ്? ലോകത്തിൽ സാമ്പത്തിക സമത്വവും തന്മൂലം മനുഷ്യരിൽ ബഹുഭൂരിപക്ഷത്തിനും ക്ലേശങ്ങളുമുണ്ടെന്നവർ പറയുന്നു. ഇതിനെ കമ്മ്യൂണിസ വിദ്വേഷികൾ നിഷേധിക്കുന്നില്ല. ലോകത്തിനിങ്ങനെയൊരു രോഗം പിടിപെട്ടിട്ടുണ്ടെന്നവരും സമ്മതിക്കുന്നു. രോഗത്തിൻെറ ആസ്തിക്യത്തെക്കുറിച്ചാക്കും സംശയമില്ല. ചികിത്സയെക്കുറിച്ചാണ് വിവാദം. രോഗനിദാനം വാതാദി ത്രിദോഷങ്ങളിലാണ് സ്ഥിതി ചെയ്യുന്നതെന്ന് ആയുർവേദികന്മാർ വാദിച്ചേക്കാം. വാതാദി ത്രിദോഷങ്ങളേയല്ല, രോഗങ്ങളുടെ നിദാനം മററു പദാത്ഥങ്ങളിലാണ് സ്ഥിതി ചെയ്യുന്നതെന്ന്, പാശ്ചാത്യ നൈദാനികന്മാർ വാദിച്ചേക്കാം. ഈ വാദങ്ങളിൽ ഏതാണ് ശരി എന്നു നിണ്ണയിക്കുന്നതിൽ രോഗിക്കു താല്പര്യമില്ല. ഏതു വൈദ്യൻെറ ചികിത്സ തൻെറ രോഗത്തെ ശമിപ്പിക്കുമെന്ന് രോഗിക്കു തോന്നുവോ ആ വൈദ്യനെ രോഗി അഭിഗമിക്കും. പട്ടിണി കിടക്കുന്നവൻെറ അടുക്കൽ പട്ടിണിക്കു പരിഹാരമുണ്ടാക്കാത്ത സന്മാഗ്ഗശാസ്ത്രവും കൊണ്ടു ചെന്നിട്ട് ഒരു പ്രയോജനവുമില്ല. ദീനാനുകമ്പിയായിരുന്ന പത്താം പീയൂസ് പാപ്പാ മിഷ്യനറിമാക്കു നല്കിയ ഒരുപദേശത്തിലെ ഒരാശയം എൻെറ ഓമ്മയിൽ വരുന്നു. ആ ആശയത്തെ ദ്യോതിപ്പിക്കുന്നതിന് പ്രയോഗിച്ച വാക്യം ഞാനോക്കുന്നില്ല. എന്നാൽ ആ ആശയം എൻെറ മനസ്സിൽ ദൃഢമായി പതിഞ്ഞിട്ടുള്ളതാണ്. ആ പരിശുദ്ധൻ പറയുന്നു: നിങ്ങൾ ജനങ്ങളുടെ ആദ്ധ്യാത്മിക കാര്യങ്ങൾക്കായി പ്രവത്തിക്കുന്നുവെന്ന് അവരോടു പറയുകയും അവരുടെ ആധിഭൌതിക ക്ലേശങ്ങളിൽ അവരെ സഹായിക്കാതിരിക്കയും ചെയ്താൽ അവർ നിങ്ങളെ വിശ്വസിക്കയില്ല എന്ന്. ഇതു സത്യമല്ലേ? കമ്മ്യൂണിസം ജനങ്ങളെ നരകത്തിലേക്ക് നയിക്കുമെന്ന് അവരോടു പറയുകയും അവരുടെ പട്ടിണി പരിഹരിക്കാൻ ഒന്നും ചെയ്യാതിരിക്കയും ചെയ്താൽ പട്ടിണി പരിഹരിക്കാമെന്ന് പറയുന്ന കമ്മ്യൂണിസ നേതാക്കന്മാരെയല്ലാതെ അവർ അനുഗമിക്കുമോ?

തിരഞ്ഞെടുപ്പിൽ നമ്മുടെ സ്റ്റേററു കോൺഗ്രസ്സിനു പ്രതീക്ഷയിൽ കവിഞ്ഞു ലഭിച്ചിരിക്കുന്ന വിജയം തിരുവിതാംകൂറിലെ ജനങ്ങൾ വിപ്ലവരഹിതമായ പുരോഗമനത്തെയാണ് കാംക്ഷിക്കുന്നതെന്ന് നിസ്സന്ദേഹം തെളിയിച്ചിരിക്കുന്നു. ജനങ്ങളുടെ ഈ മനോഭാവം ഇനിയത്തെ തിരഞ്ഞെടുപ്പിലും നില നിൽക്കേണമെങ്കിൽ അവരുടെ ക്ലേശങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് വേണ്ട പദ്ധതികൾ ഉടനെ തന്നെ കോൺഗ്രസ് സ്വീകരിക്കേണ്ടതാകുന്നു. ഈ പദ്ധതികൾ സ്വീകരിക്കുമെന്ന് ഒരു പ്രത്യക്ഷപത്രം വഴിയായി കോൺഗ്രസ് ശപഥം ചെയ്തിട്ടുണ്ട്. ഈ ശപഥം കഴിയുന്നതും ശീഘ്രം നിവത്തിക്കപ്പെട്ടേണ്ടിയിരിക്കുന്നു. ഈ ശപഥം പാലം കടക്കുവോളമുള്ള നാരായണ മന്ത്രമാകാതെയിരിപ്പാൻ നേതാക്കന്മാർ കരുതേണ്ടതാകുന്നു.

മുതലാളിയുടെ കൂട്ട് സ്റ്റേററു കോൺഗ്രസ് പിടിച്ചെങ്കിൽ അതൊരു നേട്ടമാണ് എന്ന് മി. ടി. എം. വറുഗീസ് പ്രസംഗിച്ചതായി കാണുന്നു. ഇതൊരു നേട്ടം തന്നെയാണ്, സംശയമില്ല. എന്നാൽ യഥാത്ഥമായ മനഃപരിവത്തനത്തോടു കൂടെയാണൊ മുതലാളിമാർ കോൺഗ്രസിൽ ചേന്നതെന്ന് കോൺഗ്രസ് നേതാക്കന്മാർ പരീക്ഷിച്ചു നോക്കേണ്ടതാകുന്നു. മടിശ്ശീലയെ സംരക്ഷിക്കാനായി ധനവാന്മാർ മടിശ്ശീല അഴിക്കാറുണ്ട്. എന്നാൽ അഗതികളെ സംരക്ഷിക്കുന്നതിനായി മടിശ്ശീലയഴിക്കുന്നവർ വളരെ ചുരുക്കമാണ്. ആയതുകൊണ്ട് ധനവാന്മാരുടെ സഹായം കോൺഗ്രസിനെ ഏതു വഴിക്ക് നയിക്കുമെന്നുള്ളതു ശങ്കാസ്പദമാകുന്നു. സ്റ്റേററു കോൺഗ്രസ് നേതാക്കന്മാക്ക് കോഴ കൊടുത്തു അവരെ വശീകരിക്കുവാൻ ശ്രമിക്കുന്ന മുതലാളിമാരും കാണാതെയിരിക്കയില്ല. ഇതേവരെ ചെയ്ത സഹായം തന്നെ ഒരു കോഴയായിട്ടല്ലേ അവർ ഗണിച്ചിരിക്കുന്നതെന്നാക്കറിയാം? മദ്രാസ് സംസ്ഥാനത്തിലെ കോൺഗ്രസ് നേതാക്കന്മാരെക്കുറിച്ചെന്തെല്ലാം പരാതികൾ നാം കേൾക്കുന്നു. ഗാന്ധിജി,

നെഹ്റു മുതലായവരെപ്പോലെ ലോഭാസ്പൃഷ്ടന്മാരായി പൊതുജന സേവനം ചെയ്യുന്നവർ ഈ ലോകത്തിൽ വളരെ ചുരുക്കമാണ്. നമ്മുടെ നേതാക്കന്മാർ പ്രലോഭനാധീനന്മാരാകാതെ ജനഹിതകാരികളായി വർത്തിക്കണമേ എന്നു നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

നമ്മുടെ സ്റ്റേറ്റു കോൺഗ്രസ് പ്രഖ്യാപനം ചെയ്തിരിക്കുന്ന കാര്യപരിപാടി തൊഴിലാളികളെയും മററു സാധു ജനങ്ങളെയും തൃപ്തിപ്പെടുത്തുന്നതിനു പര്യാപ്തമായിരിക്കുന്നു. ആ പരിപാടി അനുസരിച്ചുള്ള കാര്യങ്ങൾ വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനു പ്രയത്നിക്കേണ്ടിയിരിക്കുന്നു. പ്രതിയോഗികൾ പരിപാടി വളരെ നല്ലതാണെന്ന് സമ്മതിച്ചുകൊണ്ട് അതിനെ നടപ്പിൽ വരുത്തുന്നതിൽ വിളംബമുണ്ടാക്കാൻ ന്യായമെന്നു തോന്നുന്ന പല വാദങ്ങളുമുന്നയിക്കും. പ്രതിരോധം ദുർബുദ്ധിത്വമെന്ന് വ്യാഖ്യാനിക്കപ്പെടുവാനിടയുള്ളപ്പോൾ പ്രതിരോധികൾ ന്യായത്തിന്റെ രൂപത്തിൽ വിളംബമുണ്ടാക്കുകയാണ് ചെയ്യാറുള്ളതു്.

നമ്മുടെ കോൺഗ്രസ് നേതാക്കന്മാർ മദ്രാസിലെ മൂന്നാം തരം നേതാക്കന്മാരെപ്പോലെ അനർത്ഥകമായി ചില മുദ്രാവാക്യങ്ങളെ അവലംബിച്ചുകൊണ്ട് മിൽതുണിയുടെ നിഷ്കാസനം, മദ്യനിരോധനം മുതലായ ദുഷ്കരങ്ങളായ കർമ്മങ്ങൾ പ്രതിജ്ഞ ചെയ്തിട്ടില്ലെന്നുള്ളതു് ആശ്വാസകരമായിരിക്കുന്നു. ജനങ്ങളുടെ രുചിക്കു എതിരായി യുദ്ധം ചെയ്ത് നേതാക്കന്മാരുടെ സമയവും നമ്മുടെ പണവും നഷ്ടമാകയില്ലെന്നുള്ളതിനാലാണാശ്വാസം.

തൊഴിലാളികളുടെ സൌകര്യത്തിനായി വീടുകൾ പണിയിച്ചു കൊടുക്കണമെന്നുള്ള നിശ്ചയം വേഗത്തിൽ നടപ്പിൽ വരുത്തേണ്ടതാകുന്നു. സാമാന്യമായി പറഞ്ഞാൽ നമ്മുടെ തൊഴിലാളികളുടെ വീടുകൾ വളരെ നികൃഷ്ടമാണ്. ഈ നികൃഷ്ടങ്ങളായ വീടുകൾ തന്നെയും ഉണ്ടാക്കുകയും അവയെ സംരക്ഷിച്ചു കൊണ്ടു പോകുകയും ചെയ്യുന്നതു് മിക്ക തൊഴിലാളികൾക്കും ഇപ്പോൾ വലിയ ഭാരമായിട്ടാണിരിക്കുന്നതു്. മിക്ക തൊഴിലാളികളും വീടുകൾ വെക്കുന്നതിനു വേണ്ട സ്വന്തം സ്ഥലമില്ലാത്തവരുമാണ്. ഇങ്ങനെയുള്ള നിസ്വന്മാർക്ക് പാരതന്ത്ര്യം കൂടാതെ വാസസ്ഥലം സുലഭമായി തീരുന്നതിൽ മാനസികമായ ഉൽക്കർഷത്തിന്റെ ഹേതുവും അടങ്ങിയിരിക്കുന്നു. തൊഴിലാളികൾ മുതലാളികളുടെ പറമ്പുകളിൽ കിടക്കേണ്ടിവരുന്നതിൽ വലിയ ഒരു സ്വാതന്ത്ര്യക്കുറവുണ്ടല്ലോ. ഈ പാരതന്ത്ര്യം മിക്കവാറുമെല്ലാവർക്കും ഭൂസ്വത്തുള്ള കിഴക്കൻ പ്രദേശങ്ങളിലെക്കാളധികമായി കാണാറുള്ളതു് സ്ഥലദൌർല്ലഭ്യവും തന്മൂലം സ്ഥല വിലയും കൂടുതലായുള്ള പടിഞ്ഞാറൻ പ്രദേശങ്ങളിലാണ്. കിഴക്കൻ പ്രദേശങ്ങളിലെ തൊഴിലാളികൾ ധനവാന്മാരോടുള്ള പെരുമാററത്തിൽ ദാസ്യഭാവം കുറവായിട്ടേ കാണിക്കാറുള്ളുവെന്നെനിക്കു തോന്നിയിട്ടുണ്ട്. അവിടെ തൊഴിലാളികൾ മിക്കവാറും സ്വന്ത പറമ്പുകളിൽ താമസിക്കുന്നതാണിതിന്റെ കാരണമെന്ന് തോന്നുന്നു. നിഃസ്വന്മാരുടെ നിഃസ്വത്വംകൊണ്ടുള്ള പരാധീനമ്മന്യത്വം നീക്കിയാൽ കമ്മ്യൂണിസത്തിന് ഈ നാട്ടിൽ ഒരു സ്ഥാനവുമില്ലാതായിത്തീരാം.

തൊഴിലാളികൾക്ക് ജീവനക്കൂലി കൊടുക്കേണ്ടതാണെന്നെല്ലാവരും സമ്മതിക്കും. എന്നാൽ ജീവനക്കൂലി എന്തായിരിക്കണമെന്ന് നിർണ്ണയിക്കാൻ വളരെ പ്രയാസമുണ്ട്. ഏകാകിയായ ഒരു കൂലിക്കാരന് ദിവസം ഒരു രൂപാ കിട്ടിയാൽ അതു് പര്യാപ്തമായ ജീവനക്കൂലിയായിരിക്കുമെന്ന് സങ്കല്പിക്കുക. അവൻ വിവാഹം കഴിച്ചു കഴിയുമ്പോൾ അവനു ജീവനക്കൂലിയായിക്കിട്ടേണ്ടതു് ഇതിൽ കൂടുതലായിരിക്കുമല്ലോ. അവനു കുട്ടികളുണ്ടായാൽ ജീവനക്കൂലി കുട്ടികളുടെ സംഖ്യയനുസരിച്ച് കൂടണം. കുട്ടികളെ



ഗാന്ധിജി ജനിച്ച മുറി.

പുരുഷപ്രായം തികയുന്നതുവരെ അവൻ പോററി വളർത്തേണ്ടതു് അവൻെറ ചുമതലയാണല്ലോ. ഇങ്ങനെ അവൻെറ ജീവനക്കൂലി കൂടിക്കൂടി വരണം. ഏതു വ്യവസ്ഥായത്തിൽ അവൻ ഉദ്യുക്തനായിരിക്കുന്നുവോ ആ വ്യവസായത്തിനിതു സാദ്ധ്യമായിരിക്കുമോ എന്നും ആലോചിക്കണമല്ലോ. കൂലിക്കാരൻെറ വർദ്ധമാനമായിരിക്കുന്ന കുടുംബത്തിൻെറ സംരക്ഷണത്തിനു് വർദ്ധമാനമായി വേണ്ടിവരുന്ന ജീവനക്കൂലി കൊടുക്കുവാൻ മുതലാളികൾക്കു് കഴിവുണ്ടാകുമോ? തൊഴിലാളികളും വ്യവസായങ്ങളും സംരക്ഷിക്കപ്പെടുകയും വേണം. ഇതെങ്ങനെ സാധിക്കും?

അദ്ധ്വാനം കൊണ്ടു് ജീവിക സമ്പാദിക്കേണ്ട ജനങ്ങളുടെ കുട്ടികൾക്കുപജീവനത്തിനു് വേണ്ടതു് രാഷ്ട്രം നൽകേണ്ടതാകുന്നു. അവരിൽ പ്രായം കൊണ്ടോ രോഗം കൊണ്ടോ ജീവികാസമ്പാദനത്തിനു് ശക്തിയില്ലാത്തതായിത്തീർന്നിട്ടുള്ളവൎക്കു രാഷ്ട്രത്തിൽ നിന്നു് വേതനം നൽകേണ്ടതാകുന്നു. ഇതെല്ലാം ചെയ്യാതെ വേല ചെയ്യിക്കുന്നവർ വേലക്കാൎക്കു ജീവനക്കൂലി കൊടുക്കണമെന്നു് സാമാന്യ വാദം ചെയ്യുന്നതിൽ വലിയ പ്രയോജനമൊന്നും കാണുന്നില്ല. അവശ്യം കരണീയങ്ങളായ ഇങ്ങനെയുള്ള കാൎയ്യങ്ങൾക്കു് വേണ്ടി വരുന്ന പണം രാഷ്ട്രം ധനവാന്മാരിൽ നിന്നു് എങ്ങനെയെങ്കിലും പിരിച്ചെടുക്കേണ്ടിയിരിക്കുന്നു. ജീവിതത്തിന്നാവശ്യമില്ലാത്ത സുഖങ്ങൾക്കുവേണ്ടിയും വെറും പ്രകടനങ്ങൾക്കു വേണ്ടിയും വ്യൎത്ഥമായി വളരെ പണം ചെലവു ചെയ്യുന്നവരെ നാം നാട്ടിൽ കാണുന്നുണ്ടു്. തൊഴിലാളികളിൽ അസംതൃപ്തിയും തന്മൂലം അസൂയയും ജനിപ്പിച്ചു കൊണ്ടിരിക്കുന്ന ഈ പണക്കുന്നുകളെ ഇടിച്ചു നിരത്തി ജീവത്കുഴികൾ നികത്തേണ്ടതാകുന്നു. മുതലാളികളുടെ കൂട്ടുകെട്ടു് ഒരു നേട്ടമായി കരുതിയാൽ സ്റ്റേററു കോൺഗ്രസിനു അതു സാദ്ധ്യമല്ലാതെ വരാം.

—മ. മെ—

കമ്മ്യൂണിസ്ററു സംഘടനകൾ

ശാന്തിസേനാസ്, കമ്മ്യൂണിസ്റ്റ് വാളണ്ടിയർ കോർ, റെഡ് ആർമി വാളണ്ടിയർ സംഘടന, കമ്മ്യൂണിസ്റ്റ് റെഡ്ക്രോസ് വാളണ്ടിയർ കോർ, മദ്രാസ് ലേബർ യൂണിയൻ വാളണ്ടിയേഴ്സ് എന്നീ കമ്മ്യൂണിസ്റ്റ് സംഘടനകളെ മദ്രാസ് ഗവമ്മെണ്ടു് നിയമവിരുദ്ധമായി പ്രഖ്യാപനം ചെയ്തിരിക്കുന്നു.

—:o:—

പുലയൻ

(എം. കെ. മഹിളാമണി)

I

അരുണനാ പ്രാചിയിൽ തല കാട്ടിയുയരുമ്പോൾ
കരുവേന്തിപ്പണിചെയ്യുമവനെക്കാണാം.

II

പകലന്തിയാവോളം പണിചെയ്തുപാടത്തു,
പകലോനും പുലയനും പിരികയായി!
പതിതനാമവനുടെ ചുടുരക്തം വേർപ്പായി:
വയലിൻെറ വളമൂല്യം വളരുകയായ് !!

III

'കരുണ'നും, 'വള്ളോ'നും, 'ചിരുത'യും, 'മാല'യും
പൊരിയുന്ന വയറുമായ് കുനിഞ്ഞിരിപ്പൂ !
തനയർതൻ താപത്തിൽ തരളിതചിത്തയായ്
'കനകമ്മ' കരൾനൊന്തു കരയുകയോ?
മാടത്തിൻ മുററത്തു മാതേവൻ മനതാരിൽ
മാലേന്തി മാഴ്കി നടപ്പൂ മന്ദം !!

IV

അനുദിനം പണിചെയ്വൂ; പരിതാപം പ്രതിഫലം;
തനുവാകെത്തളരുന്നു തപ്തതയാൽ !!
* മകരിയിൽ മാർത്താണ്ഡൻ മറയുമ്പോൾ മുതലാളി
പുലയനുപണിക്കൂലി കൊടുക്കുമെന്നും.
ദിവസവുമവനുള്ള യവശത തീൎക്കുവാ—
നാവുമോ?— 'പതിനാലുചെമ്പുകാശു് !'

V

അവഗതനെങ്കിലും നാടിൻെറ ഭാവുക —
മവനിലാണ,റിയുന്നോ? മാലോകരേ !
പരിശ്രമംചെയ്യോനു പരിശ്രയമേകാത്ത
പരിഹാസ്യ നിയമ മാണിന്നത്തേതു് !!

VI

അവകാശം നേടുവാനഭിമാനം കാക്കുവാ—
നവരാകെയൊരുമിക്കുമൊരുദിവസം !!

---

* സമുദ്രം.

—:o:—

The Udayam

A High Class Socio — Political — Literary — Anglo-Malayalam Pictorial Weekly

PUBLISHED EVERY SATURDAY

Props: M/s. P. J. THARAKAN & SONS., MATTANCHERRY, COCHIN.

Editor: L. M. THOMAS

Annual Subscription: **Rs. 10/-**

☞ ഈസ്റ്റർ പ്രമാണിച്ചു് ഓഫീസ് ഒഴിവാകയാൽ അടുത്ത ലക്കം "ഉദയം" പുറപ്പെടുന്നതല്ല.

Vol. 1   ഉദയം   No. 16

വിചിത്രമായ സത്യാഗ്രഹം

സത്യാഗ്രഹമെന്ന ലേബൽ ഒട്ടിച്ചു കൊണ്ടു് പാലിയം ക്ഷേത്രപരിസരങ്ങളിലും ചേന്ദമംഗലത്തും നടന്നുകൊണ്ടിരുന്ന കമ്മ്യൂണിസ്റ്റ് പേക്കൂത്തുകൾ കൊച്ചീ ഗവമ്മെണ്ടിന്റെ സുശക്തമായ ഇരുമ്പു കരങ്ങൾ നിഷ്പ്രയാസം നിയന്ത്രണാധീനമാക്കിയിരിക്കുന്നു. പത്രങ്ങളിൽ കാണുന്ന റിപ്പോർട്ടുകളെ അടിസ്ഥാനമാക്കാതെ, ചേന്ദമംഗലത്തു ചെന്നു് സ്ഥിതിഗതികൾ നിഷ്പക്ഷമായി പരിശോധിക്കുവാനും ക്രൂലങ്കഷമായി പഠിക്കുവാനും സാധിച്ച ഞങ്ങൾക്കു് സത്യാഗ്രഹികളുടെ ലക്ഷ്യത്തിലോ ആ ലക്ഷ്യപ്രാപ്തിക്കു വേണ്ടി അവർ ഉപയോഗപ്പെടുത്തിയ ഉപാധികളിലോ യാതൊരു നീതീകരണവും കാണുവാൻ കഴിയുന്നില്ല. നേരെ മറിച്ചു് ജനതയെ ഇളക്കുവാനും, രാജ്യത്തിൽ ലഹളകളും കലഹങ്ങളും സംസൃഷ്ടമാക്കിക്കൊണ്ടു് ആ അസ്വസ്ഥമായ അന്തരീക്ഷത്തിൽ നിന്നു് മുതലെടുക്കുവാനുമുള്ള ചില തല്പരകക്ഷികളുടെ പരിശ്രമമല്ലേ പാലിയം റോഡ് സത്യാഗ്രഹത്തിന്റെ പിന്നിൽ കിടക്കുന്ന പരമോദ്ദേശമെന്നു് ഞങ്ങൾ ചോദിക്കുന്നു. പാലിയം ക്ഷേത്രപരിസരത്തിലെ ഒരു വഴിയിൽക്കൂടിയുള്ള സഞ്ചാരം നിരോധിക്കപ്പെട്ടതു കൊണ്ടു് മനുഷ്യരുടെ സഞ്ചാര സ്വാതന്ത്ര്യം നഷ്ടപ്പെട്ടു പോയി എന്നു വാദിക്കുന്നതു് ശരിയല്ല. ആരെങ്കിലും നമ്മുടെ വീടുകളുടെ അകത്തുക്കൂടി സഞ്ചരിക്കുവാൻ സ്വാതന്ത്ര്യം വേണമെന്നു പറയുകയും നാം അതനുവദിക്കാതിരിക്കയും ചെയ്യുമ്പോൾ നാം ആരുടേയും സഞ്ചാരസ്വാതന്ത്ര്യത്തെ പ്രതിരോധിക്കാറില്ല. വിവാദ വിഷയമായ പാലിയം വഴിയെ സംബന്ധിച്ചും ഈ പറഞ്ഞ തത്വം അക്ഷരം പ്രതി ശരിയാണെന്നു് സ്ഥലത്തു ചെന്നു് ആ വഴിയുടെ കിടപ്പും മറവും പരിശോധിച്ചാൽ മനസ്സിലാകുന്നതാണു്. ക്ഷേത്രപരിസരത്തിലെ ഒന്നോ രണ്ടോ ഫർലോങ്ങു നീളമുള്ള ഒരു വഴി നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ക്ഷേത്രത്തിന്റെ തൊട്ടു കിഴക്കു ഭാഗത്തു ക്കൂടിയുള്ള മറ്റൊരു വഴി പൊതുജനങ്ങൾക്കു സഞ്ചരിക്കുവാനുള്ളതുകൊണ്ടു് നിരോധിക്കപ്പെട്ട വഴി മൂലമുള്ള അസൌകര്യങ്ങൾ ഒന്നും പൊതുജനങ്ങൾക്കില്ല തന്നെ. ഇക്കാരണങ്ങളാലാണു് പാലിയം റോഡ് സത്യാഗ്രഹത്തിൽ യാതൊരു നീതീകരണവുമില്ലെന്നു് നിഷ്പക്ഷരായവർ അഭിപ്രായപ്പെടുന്നതു്. വാദത്തിനു വേണ്ടി സത്യാഗ്രഹികളുടെ ഈ സംരംഭത്തിൽ നീതീകരണം ഉണ്ടെന്നു് സമ്മതിച്ചാൽ തന്നെയും, സത്യാഗ്രഹികൾ ചേന്ദമംഗലത്തു കാട്ടിക്കൂട്ടിയ പേക്കൂത്തുകൾ സത്യാഗ്രഹമാണോ? ഗാന്ധിജിയുടെ അക്രമരാഹിത്യത്തിൽ നിന്നു് ഉദയം ചെയ്ത സത്യാഗ്രഹം നടത്തുവാൻ സത്യാഗ്രഹികൾക്കു് ആയുധങ്ങളും ചില്ലു കല്ലുകളും അതുപോലുള്ള സാമഗ്രികളും വേണമെന്നുണ്ടോ? ഇരിമ്പു കമ്പികൾ, കനത്ത വടികൾ, മുള, തെങ്ങു് മുതലായവ കൊണ്ടുണ്ടാക്കിയ കുന്തങ്ങൾ, സഞ്ചികൾ നിറയെ ചില്ലു കല്ലുകൾ, തുടങ്ങിയ സാമഗ്രികൾ ശാന്തിയേയും സമാധാനത്തേയും പ്രസ്ഫുരിക്കുന്ന സത്യാഗ്രഹത്തിനു് എന്തിനാണു്? ഈ സാധന സാമഗ്രികളാണു് പാലിയം റോഡ്. സത്യാഗ്രഹികളിൽ നിന്നു് പോലീസ് പിടിച്ചെടുത്തു് പാലിയത്തു് ഒരു മുറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതു്. അക്രമപ്രസക്തിയെ ഉച്ചൈസ്തരം വിളിച്ചറിയിക്കുന്ന ഈ ആയുധങ്ങളോടു കൂടിയ സത്യാഗ്രഹം വിചിത്രമെന്നല്ലാതെ മറ്റെന്താണു് പറയേണ്ടതു്? ഏതായാലും സത്യാഗ്രഹത്തിന്റെ പേരുകൊണ്ടു് പൊതിഞ്ഞ ഈ അക്രമപ്രസക്തിയെ സ്വല്പം വൈകിയിട്ടാണെങ്കിലും കൊച്ചീ ഗവമ്മേണ്ടു് സ്തുത്യർഹമാംവണ്ണം നിയന്ത്രണാധീനമാക്കിയതിൽ ഞങ്ങൾ ഗവമ്മേണ്ടിനെ അഭിനന്ദിക്ക തന്നെ ചെയ്യുന്നു. വിചിത്രമായ ഈ ജാതി സത്യാഗ്രഹത്തിന്റെ നാരായവേരുകൾ ചില കമ്മ്യൂണിസ്റ്റുകാരിലും കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളിലുമാണു് കിടക്കുന്നതെന്നു് മനസ്സിലാക്കി, രാജ്യത്തിൽ അസമാധാനവും അസന്തുഷ്ടിയും ഉണ്ടാക്കുവാൻ അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന അക്കൂട്ടരുടെ മേൽ ഗവമ്മേണ്ടു് നിശിതമായ

നടപടികൾ കൈക്കൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്നാൽ കമ്മ്യൂണിസ്റ്റ് നേതാക്കന്മാരേയും കമ്മ്യൂണിസ്റ്റ് പ്രവത്തകരേയും സൂക്ഷിച്ചതുകൊണ്ടോ നിയന്ത്രിച്ചതുകൊണ്ടോ രാജ്യത്തേയും ജനതയേയും കമ്മ്യൂണിസത്തിൽ നിന്ന് വിമോചിക്കാമെന്ന് ഗവമ്മേണ്ട് വിചാരിക്കേണ്ടതില്ല. ജനതാമദ്ധ്യം നഗ്നമായി നടമാടിക്കൊണ്ടിരിക്കുന്ന അനഘമായ ദാരിദ്ര്യം, തൊഴിലില്ലായ്മ, പട്ടിണി, ഇവയെല്ലാം കമ്മ്യൂണിസം നമ്മുടെ നാട്ടിൽ വളന്നു പിടിക്കുവാൻ പററിയ വളക്കൂറുള്ള നിലങ്ങളാണ്. ജോലി ചെയ്യുവാൻ ശേഷിയും ശേമുഷിയുമുള്ളവക്കെല്ലാം ഗവമ്മേണ്ട് ജോലിയുണ്ടാക്കിക്കൊടുക്കുക; എല്ലാവക്കും നല്ല ജീവനക്കൂലി കൊടുക്കുക; നല്ല വേലയും നല്ല വേതനവും കൊടുത്തുകൊണ്ട് അവരെ ദാരിദ്ര്യത്തിൻെറ ഭയങ്കര വക്ത്രത്തിൽ നിന്ന് വിമോചിക്കുക. അപ്പോൾ ശാന്തിയുടേയും സമാധാനത്തിൻേറയും ബദ്ധ വൈരിയായ കമ്മ്യൂണിസം നമ്മുടെ മദ്ധ്യേ നിന്ന് തിരോധാനം ചെയ്യും. കഴിഞ്ഞ യുദ്ധാനന്തരം രണാങ്കണങ്ങളിൽനിന്ന് സ്വഗൃഹങ്ങളിലേക്ക് മടങ്ങി വന്നിട്ടുള്ള നമ്മുടെ യുവാക്കന്മാർ ആയിരമായിരമാണ്; അവക്ക് ശരിയായ ജോലികൾ ഉണ്ടാക്കിക്കൊടുക്കുവാൻ നമ്മുടെ ഗവമ്മേണ്ടിന് ഇനിയും കഴിഞ്ഞിട്ടുണ്ടോ? കൊച്ചിയെ വൈയവസായീകരിക്കുവാനുള്ള സാദ്ധ്യതകളെപ്പററി മന്നു സുബേദാർ കമ്മററി അവരുടെ റിപ്പോർട്ട് 1944 ഡിസംബർ 3-ാംനു-സമപ്പിക്കയുണ്ടായി. അതിനുശേഷം മൂന്നു നീണ്ട കൊല്ലങ്ങൾ തന്നെ മുന്നോട്ടു നീങ്ങിക്കഴിഞ്ഞിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിലെ വൈയവസായ പദ്ധതികളിൽ എത്ര നിർദ്ദേശങ്ങളെ പ്രവൃത്തി പഥത്തിൽ കൊണ്ടുവന്നുകൊണ്ട് യുദ്ധാനന്തരം മടങ്ങിയെത്തിയിട്ടുള്ള എത്ര പേക്ക് ഗവർമ്മേണ്ട് ജോലികൾ കൊടുത്തിട്ടുണ്ട്? ജനങ്ങൾക്ക് ശരിയായ വേലയും ശരിയായ വേതനവും കൊടുക്കുവാനുള്ള പദ്ധതികൾ ഗവർമ്മേണ്ട് ഉടനെ സ്വീകരിക്കണം; അതല്ലാത്തപക്ഷം ജനങ്ങൾ കമ്മ്യൂണിസ്റ്റ് കുതന്ത്രങ്ങൾക്ക് നിഷ്പ്രയാസം വിധേയരായിപ്പോകും. രാജകുടുംബത്തിൽപ്പോലും കമ്മ്യൂണിസ്റ്റ് പ്രവത്തകക്ക് കടന്നുകൂടുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ സാമാന്യജനത കമ്മ്യൂണിസ്റ്റ് കുതന്ത്രങ്ങൾക്ക് വിധേയരായിപ്പോകുന്നതിൽ അതിശയിക്കാനുണ്ടോ? ലാത്തിയും പോലീസും കൊണ്ട് കമ്മ്യൂണിസ്റ്റ് പ്രചോദിതമായ അക്രമപ്രസക്തിയെ താല്ക്കാലികമായി അടിച്ചമത്തുവാൻ ഗവമ്മേണ്ടിന് സാധിച്ചേക്കും; എന്നാൽ ദാരുണമായ ദാരിദ്ര്യം കൈവളത്തുന്ന അസംതൃപ്തിയിൽ നിന്ന് ജനസാമാന്യത്തിൽ മുളയെടുക്കുന്ന അക്രമ പ്രസക്തിയെ ദൂരീകരിക്കുവാൻ ലാത്തിക്കും പോലീസിനും സാദ്ധ്യമല്ലാതെ വന്നേക്കാം.

— ! ! ! —

സിനിമാ നടിയായ നൈഗർ

"ലോകവാണി"

ശ്രീ. കെ. എം. ജോർജ്ജ്, എം. എ., അവർകളുടെ സമത്ഥമായ പത്രാധിപത്യത്തിൽ മദ്രാസിൽ നിന്ന് പുറപ്പെട്ടു തുടങ്ങിയിരിക്കുന്ന "ലോകവാണി"യുടെ പ്രഥമ ലക്കം കൈപ്പററി നന്ദി പറയുന്നു. കേരളീയരെ ഉദ്ദേശിച്ച് കേരളത്തിന് പുറത്തു നിന്ന് മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഈ പുതിയ മാസികാഗ്രന്ഥത്തിൽ ഡോക്ടർ ചേലനാട്ട് അച്യുത മേനോൻ, മെസ്സേഴ്സ് കെ. കെ. നായർ, എസ്സ്. കെ. നായർ, ഡോക്ടർ ആഞ്ഞിലിവേൽ മാത്യു, കുട്ടികൃഷ്ണ മാരാര്, വെണ്ണിക്കുളം ആദിയായ പല പണ്ഡിതന്മാരുടേയും നല്ല ലേഖനങ്ങൾ ചേത്തു കാണുന്നുണ്ട്. മാസം തോറും 10, 25 തീയതികളിൽ പുറപ്പെടുന്ന "ലോകവാണി"യുടെ ഒററ പ്രതിക്ക് നിശ്ചയിച്ചിരിക്കുന്ന 4ണ വില അധികമായിപ്പോയിട്ടില്ല. മാനേജർ, ലോകവാണി, താബരം, മദ്രാസ് എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ പ്രതികൾ ലഭിക്കുന്നതാണ്. ഈ പുതിയ സഹജീവിക്ക് ഞങ്ങൾ സവ്വ വിജയങ്ങളും ആശംസിക്കുന്നു.

—8✻8—

സത്യാത്മക ചെറുകഥ

(ഏ. ബാലകൃഷ്ണപിള്ള)

ഓരോ മനുഷ്യനിലും ഒരു നല്ല പത്രലേഖനത്തിനു വേണ്ട വക കാണുമെന്നും, ഒരു നല്ല പത്രാധിപരുടെ കർത്തവ്യങ്ങളിലൊന്നു് ഇതിനെ പുറത്തു കൊണ്ടു വരുന്നതാണെന്നും, പാരീസ്സിലെ പ്രസിദ്ധ പത്രമായ "ഫിഗാറോ"യുടെ സ്ഥാപകൻ വില്ലേമെസ്സാങ്ങ് വിശ്വസിച്ചിരുന്നു. അദ്ദേഹത്തെക്കുറിച്ചു ഒരു കഥയുമുണ്ടു്. ഒരു ദിവസം അദ്ദേഹം പട്ടണത്തിലെ ഒരു ചിമ്നി തൂപ്പുകാരനെ തെരുവിൽ നിന്നു വിളിച്ചു വരുത്തി തന്റെ ഓഫീസ്സ് മുറിയിൽ ഇരുത്തി, അയാളോടു് "തന്റെ ലേഖനം എഴുതുക!" എന്നു പറഞ്ഞു. ഇങ്ങിനെ എഴുതിയതു തിരുത്തി സാഹിത്യ ഫ്രഞ്ച് ഭാഷയിലാക്കിയപ്പോൾ, അതു ഒരു നല്ല ലേഖനമായി ഭവിക്കുകയും ചെയ്തു. ഇതു പോലെ, ഓരോ മനുഷ്യനിലും ഒരു നല്ല ചെറുകഥയ്ക്കു വേണ്ട വകയും കൂടി കാണുമെന്നു പറയാവുന്നതാണു്. ഈ പരമാർത്ഥം അറിഞ്ഞാണു് ചില പാശ്ചാത്യരായ പത്രപ്രവർത്തകർ "ട്രൂ സ്റ്റോറി" എന്ന പേരിൽ സത്യാത്മക ചെറുകഥകൾ തങ്ങളുടെ മാസികകളിൽ പ്രസിദ്ധപ്പെടുത്തി വരുന്നതും.

ചെറുകഥ നാലു തരമുണ്ടു്. ശ്രീ പൊറ്റക്കാട്ടിന്റെ റൊമാൻറിക്ക് കഥകളെപ്പോലെ ശുദ്ധ ഭാവനയെ ആസ്പദിച്ചു രചിക്കുന്നതു്; ശ്രീ വൈക്കം മുഹമ്മദ് ബഷീറിന്റെ ചെറുകഥകളെപ്പോലെ സ്വന്തം ജീവിത കഥയെ ഭേദപ്പെടുത്തി രചിക്കുന്നതു്; ശ്രീമാന്മാരായ തകഴിയുടേയും കാരൂരിന്റേയും കഥകളെപ്പോലെ തങ്ങളുടെ നിരീക്ഷണത്തിൽ പെടുന്ന അന്യ ജീവിത കഥകളെ ഭേദപ്പെടുത്തി രചിക്കുന്നതു്; സ്വന്തം ജീവിത കഥയേയോ ബന്ധുമിത്രാദികളുടെ ജീവിത കഥകളേയോ ഈഷദ് ഭേദവും വരുത്താതെ അതേപടി ചെറു കഥയാക്കി രചിക്കുന്നതു്; എന്നിവയാണു് പ്രസ്തുത നാലു തരങ്ങൾ. ഒടുക്കം പറഞ്ഞതിനാണു് "ട്രൂ സ്റ്റോറി" എന്നു പാശ്ചാത്യർ പേരിട്ടിട്ടുള്ളതു്. ഭാഷാസാഹിത്യത്തിൽ ഇന്നുവരെ "ട്രൂ സ്റ്റോറി" ജന്മമെടുത്തിട്ടുള്ളതായി തോന്നുന്നില്ല.

അന്യന്റെ ജീവിത കഥയെ അധികം ഭേദപ്പെടുത്താതെ, അതിൽ നിന്നു ജനിച്ച കഥയ്ക്കു് മാതൃക ഏതു സമകാലീനന്റെ ജീവിത ചരിത്രമാണെന്നു് വായനക്കാർക്കു് എളുപ്പം മനസ്സിലാകത്തക്ക വണ്ണം അതിനെ ആസ്പദിച്ചു കഥകളും നോവലുകളും ഗദ്യനാടകങ്ങളും കൂടി ചില പാശ്ചാത്യ സാഹിത്യകാരന്മാർ രചിച്ചു വന്നിരുന്നു. ഭാഷാസാഹിത്യത്തിലും അപൂർവ്വമായിട്ടാണെങ്കിലും ഇത്തരം കൃതികളും ഉണ്ടാകാതെയിരുന്നിട്ടില്ല. ഇത്തരം കൃതികൾക്കു ചില ഉദാഹരണങ്ങൾ പാശ്ചാത്യ സാഹിത്യത്തിൽ നിന്നു ഉദ്ധരിച്ചു കൊള്ളട്ടെ. മോർലി റോബർട്ട്സിന്റെ "ഹെൻറിമെയിറ്റ്ലണ്ടിന്റെ സ്വകാര്യജീവിതം" എന്ന നോവൽ ഇംഗ്ലീഷ് നോവലെഴുത്തുകാരനായ ജോർജ്ജ് ഗിസ്സിങ്ങിന്റെ ജീവ ചരിത്രമാണു്. എച്ച് ജി. വെൽസിന്റെ "ന്യൂ മാക്കിയാ വല്ലി"യിൽ സിഡ്നിവെബ്ബിനെ മിസ്റ്റർ ബെയിലി എന്ന പേരിലും, മിസ്സിസ് വെബ്ബിനെ അൽതിയോറാ എന്ന പേരിലും ചിത്രീകരിച്ചിരിക്കുന്നു. ബർനാർഡ്ഷായെ പഞ്ചിനെല്ലോ എന്ന പേരിൽ ജെ. എം. ബാരി എന്ന പ്രസിദ്ധ നാടക കർത്താവു് കാരിക്കേച്ചർ ചെയ്തിട്ടുണ്ടു്. ബർനാർഡ്ഷാ തന്റെ "മേജർ ബാർബറാ" എന്ന നാടകത്തിലെ പാത്രമായ ആൻഡ്രൂ അണ്ടർഷാഫ്റ്റിനെ സൃഷ്ടിച്ചതു് കാർണേകിയെ ആസ്പദിച്ചാണെന്നു ചിലരും, നോബലിനെ ആസ്പദിച്ചാണെന്നു മറ്റു ചിലരും വിചാരിച്ചു വരുന്നു. ജോർജ്ജ് മെറിഡിത്തിന്റെ "ബോഷാമ്പിന്റെ ജീവിതം" എന്ന നോവൽ അഡ്മിറൽ മാക്സിനേയും, "ഡയാനാ ഓഫ് ദി ക്രോസ്സ് വേസ്" എന്നതു മിസ്സസ് നോർട്ടനേയും ആസ്പദിച്ചാണു് രചിച്ചിട്ടുള്ളതു്. ജെർമനിയിലെ രാഷ്ട്രീയ സോഷ്യലിസത്തിന്റെ സ്ഥാപകനായ ഫെർഡിനാൻഡ് ലാസ്സെല്ലിന്റേയും പ്രസിദ്ധ സുന്ദരിയായ ഹെലൻഫൺറക്കോവിറ്റ്സായുടേയും സുവിദിതമായ പ്രണയ കഥയാണു് മെറിഡിത്തിന്റെ "ട്രാജിക്ക് കൊമഡിയൻസ്" എന്ന കൃതിക്കു മാതൃക നല്കിയതു്. ചാറത്സ് ഡിക്കൻസിന്റെ മിക്കാബെർ എന്ന പ്രസിദ്ധകഥാപാത്രത്തെ അദ്ദേഹത്തിന്റെ സ്വന്തം പിതാവിനെ ആസ്പദിച്ചാണു് സൃഷ്ടിച്ചിട്ടുള്ളതു്. ഡിക്കൻസിന്റെ ഹാരോൾഡ് സ്കിംപോൾ എന്ന കഥാപാത്രം ലെയ്ഹണ്ടു് എന്ന പ്രസിദ്ധനായ ഇംഗ്ലീഷ് സാഹിത്യകാരനാണു്. അൽഫാൻസ് ദാദയുടെ "നബോബ്" എന്ന ഫ്റഞ്ച് നോവൽ ഡ്യൂക്ക് ദമോർനേയുടെ ഒരു ചിത്രവുമാണു്.

സന്യാസി മനസ്ഥിതിക്കാരായ പല മാന്യ കുടുംബ നായകന്മാരും "ട്രൂ സ്റ്റോറി" നിയമേന തെറിക്കഥയായിരിക്കുമെന്നു സ്വന്തം ജീവിതങ്ങളെ ആസ്പദിച്ചു തെറ്റിദ്ധരിച്ചു് കുടുംബാംഗങ്ങൾ അത്തരം കഥകൾ പ്രസിദ്ധീകരിക്കുന്ന മാസികകൾ വായിച്ചു പോകരുതെന്നു വിലക്കാറുണ്ടു്. എന്നാലും, ഇത്തരം ചെറുകഥകൾ പ്രസിദ്ധപ്പെടുത്തുന്ന മാസികകൾ അസം

ഖ്യം വിററഴിയുന്നു. ഒന്നാം ലോകയുദ്ധക്കാലത്തു പേപ്പർ സംബന്ധമായ പ്രതിബന്ധമുണ്ടായിരുന്നിട്ടും, ഇവയുടെ ഏഴുലക്ഷം കോപ്പികളാണ് ഇംഗ്ലണ്ടിൽ മാസം തോറും വിററഴിഞ്ഞിരുന്നതു്. കഥാപാത്രങ്ങളില്ലാത്ത മനുഷ്യരുടെ ഫോട്ടോഗ്രാഫിക്ക് ഇലസ്ട്രേഷൻ കൂടി ഇവയിൽ പലതിലും ചേർക്കുക പതിവാണ്. ഈ കഥാകാരന്മാർക്കും, കഥാകാരികൾക്കും കൊടുക്കാറുള്ള പ്രതിഫലം ആയിരം വാക്കിനു രണ്ടു ഗിനി (ഏകദേശം മുപ്പത്തിരണ്ടുറുപ്പിക) ആണു താനും.

ഈ സത്യാത്മക കഥകൾ വായിക്കുന്നതായാൽ പാശ്ചാത്യരുടെ ഇടയ്ക്കു ഭൂരിപക്ഷം മനുഷ്യരും തെറിയ്ക്കു വക കൊടുക്കുന്ന ജീവിതമല്ല നയിച്ചു വരുന്നതെന്നുള്ള ബോധം നമ്മിൽ ജനിക്കുന്നതാണ്. ഇംഗ്ലീഷുകാരുടെ തീരെ റൊമാൻറിക്കല്ലാത്ത ഇത്തരം ദൈനംദിനജീവിതമാണ് റൊമാൻറിസിസം പൊന്തിനില്ക്കുന്ന നോവലുകൾക്ക് അവരുടെ ഇടയ്ക്ക് വലിയ പ്രചാരമുണ്ടാക്കിക്കൊടുക്കുന്നതെന്ന് ട്രോബ്രിഡ്ജ് എന്ന നോവലെഴുത്തുകാരൻ ഇങ്ങനെ ചൂണ്ടിക്കാണിച്ചിരുന്നു. “ഏററവുമധികം സ്മാർട്ടായ (പരിഷ്കൃതമായ) സാഹിത്യ കൃതികൾ ഫ്രഞ്ച് സാഹിത്യ കൃതികളാണ്. ഇംഗ്ലീഷ് നോവലുകളിലേ കഥാ പാത്രങ്ങളെപ്പോലെയുള്ളവരെ യഥാർത്ഥ ജീവിതത്തിൽ കണ്ടു മുട്ടുവാൻ പ്രയാസമാണ്. ഇതു നിമിത്തമത്രെ ഇവയ്ക്ക് അവിടെ വലിയ പ്രചാരമുള്ളതു്. ഭാവനാ പരമായ കഥകളോടു ബ്രിട്ടനിലെ പൊതു ജനങ്ങൾക്കു പ്രത്യേക താല്പര്യമുണ്ടു്.”

ഈ സത്യാത്മക ചെറുകഥകൾ നല്ലവരായ സ്ത്രീകളും പുരുഷന്മാരുമാണ് എഴുതാറുള്ളതു്. ചീത്ത മനുഷ്യർ രചിച്ചിട്ടുള്ള “ട്രൂസ്റ്റോറി” കൾ പത്രപ്രവർത്തകർ നിരസിക്കാറുള്ളതു കൊണ്ടു് ഇങ്ങനെ സംഭവിച്ചു എന്നും വരാം. ഈ സത്യാത്മക കഥാകാരരുടെ ജീവിതത്തിൽ കുമ്പസാരത്തിന് വേണ്ട പാപങ്ങളൊന്നുമില്ലെന്നുള്ളതാണ് ഈ കഥകളുടെ ഒരു വിശേഷത. ഏററവും രസകരങ്ങളായ ജീവചരിത്രങ്ങളും, ഏററവും രസകരങ്ങളായ കഥകളും ഒന്നുപോലേ പബ്ലിക്കായി പറയാറില്ല എന്ന് ഒരു മനുഷ്യവിദ്വേഷി പറഞ്ഞിട്ടുള്ളതു് ഇവിടെ ചിന്തനീയമാണ്. ഇതിലെ രസകരമെന്ന പദത്തിൽ തെറികൊണ്ടുണ്ടാകുന്ന രസത്തെയാണ് സൂചിപ്പിച്ചിട്ടുള്ളതു്. വിഷയത്തിലെ തെറിക്കു പുറമേ, വിഷയത്തിൽ ജീവിതം മനസ്സിലാക്കി അതു വിജയപൂർവ്വം നയിച്ചു കൊണ്ടു പോകുവാൻ സഹായിക്കുന്ന അംശം കൂടിയുണ്ടെങ്കിൽ, ഇതിലും മനുഷ്യർക്ക് രസം തോന്നാറുണ്ടു്. കൂടാതെ, കഥ പറയുന്ന രീതികൊണ്ടും അതിനു മനുഷ്യരിൽ രസം ജനിപ്പിക്കുവാൻ കഴിയും. ഒടുവിൽ പറഞ്ഞ സംഗതി മനസ്സിലാക്കിയാണ് പതിനെട്ടാം ശതാബ്ദത്തിലേ ഫ്രഞ്ച് രാജധാനിയിലെ ഒരു പാതിരി കുമ്പസാര മുറിയിൽ വച്ചു മാത്രമേ കുമ്പസാരങ്ങൾ രസശൂന്യമായിരിക്കയുള്ളു എന്നു പറഞ്ഞിട്ടുള്ളതും. സ്വന്തം രസത്തിനു വേണ്ടിയല്ലാതെ കർത്തവ്യ നിർവ്വഹണത്തിനായി മാത്രം കുമ്പസാരം ചെയ്യുന്നതു കൊണ്ടാണ് കുമ്പസാരമുറിയിലെ കുമ്പസാരം രസശൂന്യമായി ഭവിക്കുന്നതും.

പ്രസ്തുത സത്യാത്മക കഥകളിലെ പാത്രങ്ങളുടെ കുറവുകൾ ക്ഷന്തവ്യങ്ങളായവയാണ്. മുൻവിചാരമില്ലായ്മ, മുൻദേഷ്യം, അല്പം സ്വാർത്ഥം മുതലായവയാണ് ഇവരുടെ കുറവുകൾ. ഈ കഥകളിൽ സ്ത്രീകളെഴുതിയ മുപ്പത്തെണ്ണത്തിൻെറ സ്വഭാവം അപഗ്രഥിച്ച് ഒരു നിരൂപക ഇങ്ങനെ എഴുതി ഇരുന്നു: “കുമ്പസാരം ചെയ്യുന്ന ഈ മുപ്പതു സ്ത്രീകളുടെ മുഖ്യ സ്വഭാവഘടകങ്ങൾ ആത്മത്യാഗം, വിശ്വസ്തത, ധൈര്യം, മാധുര്യം, സ്ത്രീസഹജമായ യഥാർത്ഥ വിവേകം എന്നിവയാണ്...............പത്തു കഥകളിൽ പ്രഥമ ദൃഷ്ടിയിൽ ജനിച്ച പ്രണയം കാണാം: ഒമ്പതിൽ ഒരു കുഞ്ഞിൻെറ ജനനം മററുള്ളവരുടെ ഹൃദയകാഠിന്യം അലിപ്പിച്ചതു വിവരിച്ചിരിക്കുന്നു. ഒമ്പതെണ്ണത്തിൽ, ഭർത്താവിൻെറ മാതാപിതാക്കന്മാരുടെ രോഗവേളകളിൽ ഭാര്യ അവരുടെ ഗൃഹത്തിൽ പോയി പാർത്ത് അവരെ ശുശ്രൂഷിച്ച് അവരുടെ സ്നേഹം സമ്പാദിക്കുന്നതു കാണാം...........അമ്മായി അമ്മയും മരുമകളും തമ്മിൽ, ഉടനെ തന്നെയല്ലെങ്കിലും, ഒടുക്കം സ്നേഹിച്ചേ മതിയാവൂ എന്ന നിയമ പ്രാബല്യമുള്ള ഒരു പതിവു വെച്ചു പരിപാലിച്ചു കൊണ്ടു വരുന്ന ഏക കലാരൂപം ഒരു പക്ഷേ ഈ ട്രൂസ്റ്റോറി മാത്രമായിരിക്കും......... ഇത്തരം മററു പതിവുകളും ഇവയിൽ കാണാം. സകലതും ബൂർഷാമയമായിരിക്കണം. പ്രഭുക്കന്മാരേയോ, ലോറി ഡ്രൈവർമാരേയോ ഈ കഥകളിൽ കാണുന്നതല്ല..........കഥാകാരികളിൽ മാത്രമല്ല, കഥാ പാത്രങ്ങളിൽ കൂടി ജീവിത പരിശുദ്ധത കുറേ അധികമായിപ്പോയി എന്നുള്ളതാണ് ഈ ജീവ ചരിത്രങ്ങളുടെ ഒരു സ്വഭാവഘടകം. ഇവരിൽ ഒരുത്തരും കള്ളം പറയുകയോ, മോഷ്ടിക്കുകയോ, മദ്യം കുടിക്കുകയോ ചെയ്യുന്നില്ല. ഇവരിൽ ഒരാളിലും രാഷ്ട്രീയാഭിപ്രായമോ, കല്യാണ ദിവസം പള്ളിയിൽ ചെന്നു സ്തോത്രം പാടുന്നതിൽ കവിഞ്ഞുള്ള മതഭക്തിയോ ഉള്ളതായി കാണുന്നുമില്ല.

ചെറുകഥാരൂപത്തിൻെറ വൈഷമ്യങ്ങൾക്കു് അനുസരണമായ ആത്മനിയന്ത്രണവും ഒതുക്കവും ഈ കഥാകാരികൾ പ്രദർശിപ്പിക്കുന്നുണ്ടു്. ചിലപ്പോൾ ഇവർക്കു തങ്ങളുടെ ശരീരവടിവു വർണ്ണിക്കേണ്ടതായിവരും. അപ്പോൾ ഗ്ലാസ്സുനോക്കി അതിൽ കണ്ടതു സത്യമായി വിവരിക്കുന്ന ഉപായം ഇവരിൽ

പലരും സ്വീകരിച്ചിരിക്കുന്നതു കാണാം. "ഒരു സ്ത്രീയുടെ ഉത്തമ ഭാവം കാണാവുന്നതു് അവൾ ഒരു ഗ്ലാസ്സിനു മുമ്പിലിരിക്കുമ്പോഴാണു്; ഒരു പുരുഷനിൽ ഇതു കാണുന്നതു് ഒരു ഗ്ലാസ്സിനു ശേഷവും," എന്നു് ഒരു ഫലിതക്കാരൻ പറഞ്ഞിട്ടുള്ളതു് ഇവർ അറിഞ്ഞിരിക്കുമോ എന്തോ!

ഈ ട്രൂസ്റ്റോറികളുടെ സ്വഭാവം സുവ്യക്തമാക്കുന്നതിനു് അവയിൽ ഒന്നിന്റെ പ്ലോട്ടു് സംഗ്രഹിച്ചു വിവരിച്ചു കൊള്ളട്ടെ. മൂക്കിന്റെ അററത്തു കോപവും, ഗൃഹനാഥന്റെ അടിമകളാണു ഗൃഹനായികയും കുഞ്ഞുങ്ങളുമെന്ന വിശ്വാസവുമുള്ള ജിം സ്റ്റാൻലി എന്ന കൃഷകൻ തന്റെ ദുശ്ശാസനത്വം കൊണ്ടു മുപ്പത്തിയെട്ടു വയസ്സുള്ള ഭാര്യയുടേയും നാലു കുഞ്ഞുങ്ങളുടേയും കുടുംബ ജീവിതം നരകമയമാക്കിച്ചമയ്ക്കുന്നു. കാലക്ഷേപത്തിനു വകയുള്ള കൃഷകഭർത്താവിന്റെ ക്രൂരത ചെറുക്കുവാൻ വേണ്ട തന്റേടമോ ധൈര്യമോ മിസ്സിസ്സ് സ്റ്റാൻലിക്കുണ്ടായിരുന്നില്ല. ഒരു ദിവസം തന്റെ പതിവായ നെഞ്ചു വേദന സംബന്ധിച്ചു സമീപമുള്ള ടൌണിലേ ഡാക്ടരെ കാണുവാൻ ഭർത്താവിന്റെ അനുവാദപൂർവ്വം കുട്ടികളുമായി മിസ്സിസ്സ് സ്റ്റാൻലി പോയി. രോഗിയുടെ ശരീര പരിശോധനയ്ക്കു ശേഷം അവൾക്കു കഠിനമായ ഹൃദ്രോഗം ബാധിച്ചിട്ടുണ്ടെന്നും, ഒരു മാസത്തിനപ്പുറം ജീവിച്ചിരിക്കുന്നതല്ലെന്നും ഡാക്ടർ അവരെ ധരിപ്പിച്ചു. ഇതു കേട്ടപ്പോൾ മിസ്സിസ്സ് സ്റ്റാൻലിയിൽ ഒരു മാനസിക പരിവർത്തനം സംഭവിക്കുകയുണ്ടായി. ഇതിന്റെ ഫലമായി തനിക്കു ശേഷിച്ചിട്ടുള്ള മുപ്പതു ദിവസമെങ്കിലും, താനും കുട്ടികളും സുഖമായി ജീവിക്കത്തക്കവണ്ണം ഭർത്താവിനോടു് അതിയായ തന്റേടപൂർവ്വം പെരുമാറണമെന്നു് ആ സ്ത്രീ നിശ്ചയിച്ചു. ഈ നിശ്ചയപ്രകാരം പിന്നീടു് അവർ പ്രവർത്തിക്കുകയും ചെയ്തു.

എലിയെ പുലിയാക്കിയ ഈ മാനസിക പരിവർത്തനത്തിന്റെ കാരണം ഗ്രഹിക്കാതെ ജിം സ്റ്റാൻലി അത്ഭുതത്തിൽ തല്ക്കാലം ആണ്ടുപോയി എങ്കിലും, ഒടുക്കം അതിന്റെ പുതുമ പോയപ്പോൾ, ഭാര്യയുടെ മേൽ തന്റെ നാഥത്വം സ്ഥാപിക്കുവാൻ അവളോടു കായികഗുസ്തി നടത്തുന്നു. ഇതു സമജോടിയിൽ കലാശിച്ചുവെങ്കിലും, മിസ്സിസ്സ് സ്റ്റാൻലി ഇതിന്റെ ഫലമായി ബോധംകെട്ടു വീണു രോഗശയ്യയെ അവലംബിക്കുന്നു. പഴയ ടൌൺ ഡാക്ടറിൽ നിന്നു ഭാര്യയുടെ രോഗവിവരമറിഞ്ഞു വിഷാദിച്ചു. ജിം സ്റ്റാൻലി ഒരു വിദഗ്ദ്ധ ഡാക്ടരെ വരുത്തി ഭാര്യയെ പരിശോധിപ്പിക്കുന്നു. മിസ്സിസ്സ് സ്റ്റാൻലിക്കു ഹൃദ്രോഗമില്ലെന്നും, ക്ഷീണം മാത്രമേയുള്ളുവെന്നും ആ വിദഗ്ദ്ധൻ അവരെ ധരിപ്പിക്കുന്നു. അനന്തരം ജിം സ്റ്റാൻലി രോഗശയ്യിൽ കിടന്നിരുന്ന ഭാര്യയോടു പുതിയ രീതിയിൽ പെരുമാറുകയും, അവളോടു, "ആദ്യമേ തന്നെ നീ എന്നോടു് ഇങ്ങിനെ പെരുമാറാതെയിരുന്നതു് എന്തുകൊണ്ടു്? ഒരു തന്റേടക്കാരിയെ എനിക്കു് എന്നും ഇഷ്ടമാണു്," എന്നു പറഞ്ഞു രഞ്ജിക്കുകയും ചെയ്യുന്നു.

—oOo—

രാജാജിയും സരോജിനി നായിഡുവും

യു. എൻ. ഒ.

ജനീവായിലെ സർവ്വരാജ്യ സഖ്യത്തിന്റെ നിരോധനത്തിനു ശേഷം, ലോകത്തിന്റെ സമാധാനപരമായ പുരോഗമനത്തെ സഹായിപ്പാൻ മഹാശക്തികളാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരന്തർദ്ദേശീയ സംഘടനയാണ് യു. എൻ. ഒ. അഥവാ ഐക്യരാഷ്ട്ര സമിതി. ഈ സമിതി സ്ഥിതി ചെയ്യുന്ന സ്ഥലം, അതിന്റെ ഘടന, പ്രവർത്തന രീതി ഇവയെക്കുറിച്ചുള്ള ഒരു സാമാന്യ വിവരണം നൽകുക മാത്രമാണ് ഈ ചെറു ലേഖനം കൊണ്ടുദ്ദേശിക്കുന്നത്.

അമേരിക്കയിലെ ന്യൂയോർക്ക് നഗരത്തിൽ നിന്നും സുമാറു് ഇരുപത്തിയഞ്ചുമൈൽ അകലെ ലേക്ക് സക്സസ് എന്ന ചെറിയ ഗ്രാമത്തിലുള്ള ഒരു മഹാനിലയനത്തിലാണ് ഐക്യരാഷ്ട്രസമിതി സ്ഥാപിച്ചിരിക്കുന്നത്. ഇതേ പേരിനാലറിയപ്പെടുന്ന ഒരു തടാകം അവിടെ ഉള്ളതിൽ നിന്നത്രെ ഈ ഗ്രാമപ്പേരിന്റെ ഉത്ഭവം. സമിതിയുടെ വിസ്തൃതമായ സിക്രട്ടറിയേററിന്റെ എല്ലാ പ്രധാന ആഫീസുകളും ഈ മന്ദിരത്തിലുണ്ട്. ഇവിടെത്തന്നെയാണ് കമ്മററി യോഗങ്ങൾ കൂടുന്നതും. ന്യൂയോർക്കിനും ലേക്ക് സക്സസിനും മദ്ധ്യേ സ്ഥിതി ചെയ്യുന്ന ഫ്ളഷിംഗ് മെഡൌസ് എന്ന സ്ഥലത്തുള്ള ഒരു വമ്പിച്ച കെട്ടിടത്തിലാണ് ജനറൽ അസംബ്ളിയുടെ സമ്പൂർണ്ണ സമ്മേളനങ്ങൾ കൂടുന്നത്. 1935-ൽ ന്യൂയോർക്കിൽ നടത്തിയ പ്രദർശനം സംബന്ധിച്ച് പണി ചെയ്തിട്ടുള്ളതാണ് ഈ കെട്ടിടം. തങ്ങളുടെ ഔദ്യോഗിക ചുമതലകളെ നിർവ്വഹിപ്പാനായി ഈ രണ്ടു സ്ഥലത്തും വന്നു ചേരുന്ന ഡെലിഗേററുകളുടെ സുഖസൗകര്യാദികൾക്കു വേണ്ടി ലഘുഭക്ഷണാദികൾ തുടങ്ങി കഴിവുള്ള എല്ലാവിധ സജ്ജീകരണങ്ങളും ഇവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മിക്ക ഡെലിഗേററുകളും ന്യൂയോർക്കിലുള്ള ഹോട്ടലുകളിൽ താമസിക്കയും പ്രതിദിനം യോഗസ്ഥലത്തേക്കു പോയി വരികയുമാണ് പതിവ്. ന്യൂയോർക്ക് നഗരത്തിൽ ശരിയായ ഒരു കെട്ടിടം ഇതിനു വേണ്ടി നിർമ്മിക്കുന്നതുവരെ, ഏതായാലും ഇക്കൂട്ടർ ഈ വക അസൗകര്യങ്ങളും സമയ നഷ്ടവും സഹിച്ചേ തീരൂ.

അൻപത്തിയേഴ രാജ്യങ്ങളേയാണ് ഐക്യരാഷ്ട്രസമിതി ഇപ്പോൾ പ്രതിനിധീകരിക്കുന്നത്. ഇതിൽ ഇനിയും ഉൾപ്പെടാത്തവരും ഉണ്ട്. ഓരോ അംഗരാജ്യത്തിനും അഞ്ചു പ്രതിനിധികളെയും അവരുടെ സഹായാർത്ഥം മററു അഞ്ചംഗങ്ങളെയും അയക്കാം. എന്നാൽ മുഴുവൻ പ്രതിനിധികളെയും അയക്കാൻ കഴിയാത്ത ചെറു രാജ്യക്കാർക്കു കമ്മററികളിൽ പ്രാതിനിദ്ധ്യം ലഭിപ്പാൻ അശേഷം ഇടയില്ല തന്നെ.

യു എൻ. ഓ. യിലെ എല്ലാ പ്രസംഗങ്ങളും ഇംഗ്ലീഷ്, ഫ്റഞ്ച്, റഷ്യൻ, സ്പാനിഷ്, ചൈനീസ് എന്നീ അഞ്ചു ഭാഷകളിൽ ദ്വിഭാഷികൾ മുഖേന ഉടനുടൻ ആവർത്തിക്കപ്പെടുന്നു. നിങ്ങളുടെ ചെവികളിൽ ഘടിപ്പിച്ചിട്ടുള്ള ദൂരശ്രവണികളെ ഒന്നു ക്രമപ്പെടുത്തിയാൽ മതിയാകും, ഹിതാനുസരണമുള്ള പ്രസംഗം കേൾക്കാൻ. ദൈനംദിനം നടപടികൾ ഒരു പത്ര രൂപത്തിൽ അച്ചടിച്ചു അടുത്ത പ്രഭാതത്തിൽ വിതരണം ചെയ്യുക എന്നുള്ളതു അവിടത്തെ ഒരു മാറാചടങ്ങാണ്. ഇതു കൂടാതെ അസംബ്ളി നടപടികളുടെ പദാനുപദരേഖകൾ, കമ്മററി നടപടികൾ, പ്രമേയങ്ങൾ, ഉപക്ഷേപങ്ങൾ തുടങ്ങിയ നിരവധി പ്രമാണങ്ങൾ എന്നവയെല്ലാം വളരെ സൂക്ഷ്മതയോടും കണിശത്തിനുമാണ് സെക്രട്ടറിയേററിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നത്.

അസംബ്ളി ജോലിയെ നാലായി വിഭജിക്കാം. ഒന്നാമത്തേതു, രണ്ടു സമ്മേളനങ്ങളുടെ ഇടയ്ക്കുള്ള കാലഘട്ടത്തിൽ സമിതി ചെയ്തു തീർത്ത ജോലികളെപ്പററി പൊതുകാര്യദർശി അസംബ്ളിയുടെ സമ്പൂർണ്ണ സമ്മേളനത്തിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടാണ്. നിയമസഭകളുടെയോ പാർലിമെണ്ടുകളുടെയോ പ്രാരംഭ സമ്മേളനത്തിൽ നടത്തപ്പെടുന്ന ബഡ്ജററു വായനയോട്, ഇതിനു പ്രായേണ സാമ്യമുണ്ട്. സർവ്വലോക ഗതിവിഗതികളെപ്പററി നിരീക്ഷണം ചെയ്വാൻ എല്ലാ ഡെലിഗേററുകളും ഈ സന്ദർഭം പ്രയോജനപ്പെടുത്തുന്നു. സെക്യൂരിററി കൗൺസിൽ തുടങ്ങിയ വിവിധ സ്ഥിരസംഘങ്ങളിലേക്കുള്ള അംഗരാജ്യക്കാരുടെ തിരഞ്ഞെടുപ്പാണ് രണ്ടാം ഭാഗം. മൂന്നാം ഭാഗത്തിൽ സ്റ്റാൻഡിംഗ് കമ്മററികളുടെ പ്രവർത്തന കാര്യം അടങ്ങിയിരിക്കുന്നു. ഓരോ അംഗരാജ്യവും പ്രതിനിധീകരിക്കുന്ന ആറു് ഈദൃശ കമ്മിററികളും മൂന്നു കൗൺസിലുകളും ഇപ്പോൾ നിലവിലുണ്ട്. അസംബ്ളിയുടെ സമ്പൂർണ്ണ സമ്മേളനത്തിന്റെ ഉപസംഹാരകാലമാണ് അവസാനഭാഗം. ഓരോ കമ്മററിയും ഇതഃപര്യന്തം ചെയ്തു തീർത്തിട്ടുള്ള ജോലിയെപ്പററി സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ ഉൾക്കൊള്ളുന്ന വാദമുഖങ്ങളെയും ശുപാർശകളെയും ഈ ഘട്ടത്തിൽ ആലോചനയ്ക്കു് എടുക്കുന്നു. നാളിതുവരെ കമ്മററികളുടെയും അസംബ്ളിയുടെയും ചർച്ചയ്ക്കു് വിഷയമായിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്നു വിവരിക്കുക അത്ര എളുപ്പമല്ല. എങ്കിലും രാഷ്ട്രീയവും ലോകസമാധാനത്തെ ഭഞ്ജിക്കാൻ ഇടയാകുന്നതുമായ വിഷയങ്ങളാണ് ഇവയിലെല്ലാം പ്രാമുഖ്യം അർഹിക്കുന്നത്.

കഴിഞ്ഞ സമ്മേളനത്തിലെ ചില പ്രധാന പ്ര

ശ്നങ്ങളം ഗ്രീസിന്റെ രാഷ്ട്രീയ ഐക്യം പാല സ്റ്റൈന്റെ ഭാവി, കൊറിയാ സ്വാതന്ത്ര്യം, ദക്ഷി ണാഫ്രിക്കാ പ്രശ്നം, ചില പ്രത്യേക രാഷ്ട്രങ്ങ ൾക്കു സമിതി അംഗത്വത്തിനുള്ള പ്രവേശനാനു വാദം മുതലായവ ആയിരുന്നു. വാദമദ്ധ്യേ ഐ ക്യനാടുകൾ ഉന്നയിച്ച വാദമുഖങ്ങളെ എല്ലാം എ തിർക്കാൻ സദാ ഉൽസുകരായി കാണപ്പെട്ടതു റഷ്യ ആണ്. ചുരുക്കത്തിൽ റഷ്യയ്ക്കു ഈ കൂട്ടുകെട്ടുക ളിലൊന്നിലും അത്ര മതിപ്പുള്ളതായി തോന്നുന്നില്ല. ആകപ്പാടെ, പരിഷ്കാരത്തിന്റെ അവസാന ആശ യായ ഈ സ്ഥാപനത്തിന്റെ ഭാവിയെങ്കിലും ശുഭക രമായിരിക്കുമെങ്കിൽ, ലോകത്തിന് അതൊരു മഹാ നേട്ടമായിരിക്കും, സംശയമില്ല. (ഇന്ത്യൻ ഇൻഫർ മേഷനിൽനിന്നും മി. കുമ്മനം വി. കെ. ഗോവിന്ദൻ സംഗ്രഹിച്ചത്.)

—:o:—

പത്രാധിപർക്കുള്ള കത്തുകൾ

സർ,

മീനം 1-ാംനു-യോടു കൂടി കൊച്ചിയിലെ വിഭ വ വകുപ്പിലെ പല തസ്തികകളിലായി 219 ജോലി ക്കാരെ ഗവമ്മേണ്ട് പിരിച്ചു വിട്ടിരിക്കുന്നു. ഇതു മൂലം കൊല്ലത്തിൽ 2,20,000ക. ആദായമുണ്ടാകുമെ ന്നാണ് ഗവമ്മേണ്ട് കണക്കാക്കിയിരിക്കുന്നത്. ഗ വർമ്മേണ്ടിന് ആദായമുണ്ടാകുവാനുള്ള ഈ സംരം ഭത്തിൽ ഗവർമ്മേണ്ട് നിശ്ചയമായും അഭിനന്ദനം അർഹിക്കുന്നുണ്ട്. എന്നാൽ ഈ പുറപ്പാടുകൊണ്ട് 219പേർക്കു ജോലിയില്ലാതായിത്തീരുമെന്നും അവരെ ആശ്രയിച്ചു ജീവിക്കുന്ന 219 കുടുംബങ്ങൾ പട്ടിണി യാകുമെന്നും ഉള്ള കാര്യം ബ: ഗവർമ്മേണ്ട് ചിന്തി ച്ചിരിക്കുമോ?. ജോലിയില്ലാതായിത്തീരുന്ന ഈ 219 പേർക്ക് ജോലിയുണ്ടാക്കിക്കൊടുക്കുവാൻ ഗവർമ്മേണ്ടു വല്ല മാർഗ്ഗവും സ്വീകരിച്ചിട്ടുണ്ടോ എന്നു കൂടി അ റിഞ്ഞാൽ കൊള്ളാമായിരുന്നു.

സി. കെ. എം.

സർ,

നിങ്ങൾ പ്രസാധനം ചെയ്യുന്ന "ഉദയം" അ തിന്റെ ആരംഭത്തിൽ ഒരു കമ്മ്യൂണിസ്റ്റ് വാരിക യാണെന്നുള്ള ഒരു ധാരണ ജനതാമദ്ധ്യം പരത്തിയി രുന്നു. "ഉദയ"ത്തിന്റെ എട്ടാം ലക്കം മുതൽ "ഉദ യ"ത്തിന്റെ ഉടമസ്ഥത മാറിക്കാണുന്നുമുണ്ടു. ഈ മാററത്തിനു ശേഷമുള്ള "ഉദയ"ത്തിന്റെ നിലയെ ന്താണ്? "ഉദയം" പുതിയ ഉടമസ്ഥതയിലും ഒരു ക മ്മ്യൂണിസ്റ്റ് വാരിക തന്നെയാണോ?

ടി. ജി സി.

ഉത്തരം: "ഉദയ"ത്തിന്റെ ആദ്യത്തെ ഏഴു ല ക്കങ്ങളിലെ ആശയാദർശങ്ങൾക്ക് "ഉദയ"ത്തിന്റെ ഇന്നത്തെ പ്രവത്തകന്മാർ ഉത്തരവാദികളല്ല. ഇ ന്നത്തെ "ഉദയം" ഒരു കമ്മ്യൂണിസ്റ്റ് വാരികയല്ല. എട്ടുമുതലുള്ള ലക്കങ്ങൾ അതിനുള്ള ഒരു ഉത്തമ തെ ളിവാണ്.

—പത്രാധിപർ.

സർ,

"ഉദയം" വാരികയെ ചിത്രവാരികയെന്നു വി ളിച്ചിട്ട് അതിൽ ചിത്രങ്ങൾ വളരെ കുറവല്ലേ കാ ണുന്നുള്ളു. ചിത്രവാരികയെന്ന് പറഞ്ഞു എന്തി നാണ് ആളെ മിരട്ടുന്നത്?.

ഒരു വായനക്കാരൻ.

സർ,

"ഉദയം" വാരികയിൽ ചിത്രങ്ങൾ ഇത്ര അധി കം ചേർക്കുന്നതിന്റെ ആവശ്യമെന്താണ്? ചിത്ര ങ്ങൾ കൊണ്ട് പത്രസ്ഥലം മുഴുവൻ മെനക്കെടുത്തി ക്കളയുകയാണ് നിങ്ങൾ ചെയ്യുന്നത്. "ഉദയ" ത്തിൽ ചിത്രമല്ലാതെ വായിക്കുവാൻ വല്ലതുമുണ്ടോ?

മറെറാരു വായനക്കാരൻ

മറുപടി: ലോകം ഭിന്ന രുചിയല്ലേ? ചിത്രങ്ങൾ അധികമായി വേണമെന്ന് ഒരു കൂട്ടർ; ചേർക്കുന്നത് അധിമായിപ്പോയെന്ന് മറെറാരു കൂട്ടർ. ഈ അഭി പ്രായ സംഘട്ടനമദ്ധ്യത്തിൽക്കിടന്ന് "ഉദയം" പ്രവ ത്തകർ വിഷമിക്കുകയേ നിവൃത്തിയുള്ളു.

—പത്രാധിപർ.

തൊഴിലാളികളുടെ ക്ഷേമം

യന്ത്രശാലകളിലെ തൊഴിലാളികൾക്കു പ്രതി ഫലം നല്കാനും, അവരെ ഇൻഷ്വർ ചെയ്യിക്കാനും ഉള്ള പദ്ധതികളുടെ ചെലവിലേക്കായി കൊല്ലംതോ റും 40 ലക്ഷം ഉറുപ്പിക സംഭാവനയായി നൽകാനുള്ള ഗവർമ്മേണ്ട് നിർദ്ദേശത്തിന് ഇന്ത്യാ പാർലിമെൻ ടിന്റെ സ്ഥിരം ധനകാര്യ കമ്മിററി അംഗീകാരം ന ൽകിയിരിക്കുന്നു.

തൊഴിലാളികൾക്കു രോഗം പിടിപെടുകയോ, സ്ത്രീ തൊഴിലാളികൾ പ്രസവിക്കുകയോ, തൊഴിലാ ളികൾക്കു വല്ല പരുക്കുകളും പററുകയോ ചെയ്യുന്ന അവസരങ്ങളിൽ അവക്കു ഓരോ നിശ്ചിത സംഖ്യക ൾ നൽകാൻ ഈ പദ്ധതി നിശ്ചയിക്കുന്നതായി രിക്കും. ഇതിനുള്ള നിധിയിലെ പ്രധാന വരവു മുത ലാളിമാരും തൊഴിലാളികളും നല്കുന്ന സംഭാവനകളാ യിരിക്കും. തൊഴിലാളികൾക്കു് രൊക്കം നല്കുന്ന സം ഖ്യകൾ കൂടാതെ ഈ പദ്ധതിയുടെ പ്രവത്തനത്തിനു വേണ്ടിവരുന്ന ചെലവിന്റെ മൂന്നിൽ രണ്ടുഭാഗം ന ൽകാൻ ഗവമ്മേണ്ടു സമ്മതിച്ചിരിക്കുന്നു.

COCHIN MARKET REPORT.

	19-3-48. Rs.
Cocoanuts per 1000 Nos.	95 - 100
Cocoanut Oil..........per candy.	292½
Copra	195 - 200
Cocoanut Oil Cake (M. D.)	77½
" (B. D.)	81½
Coir Yarn per cdy. of 6 cwts.	
Real Allappat	345
Anjengo: Special	350
Superior	335
Ordinary	300
Aratory: Special	320
Superior	275
Ordinary	265
Weaving: Fine	260
Superior	220
Common	160
Imitation Allappat	270
Ashtamudi	260
Rope No. 2	148
" 3	144
" 4	140
" 5	136
" 6	126
Coir Fibre No. 1	100
" No. 2	95
" No. 3	90

HILL PRODUCE

Lemon Grass Oil per doz. bottles of 22 ozs.	60 - 62
Pepper Garbled per cwt.	135 - 136
Ginger (Bleached) per cwt.	35 - 36
Turmeric per cdy.	240
Nux Vomica per cdy.	84

Steamer Movements

Date	Steamer Name	Port of Destination	Steamer Agents
27—3—48	M. V. Leise Maersk	Middle East & U. S. A.	Harrisons & Crosfield Ltd.
31—3—48	M. V. Agapenor	New York, Gladston	Volkart Bros.
1—4—48	S. S. Sistiana	Venice, Trieste, Genoa.	"
3—4—48	S. S. City of Doncaster	Middle East & U. S. A.	Aspinwall
10—4—48	M. V. Merchant Prince	"	"
15/20—4—48	S. S. Limburg	Penang, Singapore. Los Angles, Vancouver	Volkart Bros.
15—4—48	S. S. City of Leeds	Middle East & U. S. A.	Aspinwall
30—4—48	M. V. Menisthura	New York, Gladston	Volkart Bros.



ഈയ്യിടെ ഡെൽഹിയിൽ വെച്ചു നടന്ന "വിദ്യാഭ്യാസ സെൻട്രൽ അഡ്വൈസറി ബോർഡ്" സമ്മേളനത്തിൽ പണ്ഡിററ് നെഹ്റു പ്രസംഗിക്കുന്നു.

നോട്ടീസ്

"ഉദയം" ഏജൻറുമാരും വരിക്കാരും കുടിശ്ശിഖ വകയിൽ "ഉദയം" ആപ്പീസിലേക്ക് അടയ്ക്കുവാനുള്ള സംഖ്യകൾ 1948 മാർച്ച് 30-ാംനു-യ്ക്കകം അടച്ച് അവരുടെ കണക്കുകൾ ശരിപ്പെടുത്താത്തപക്ഷം അടുത്ത ലക്കം മുതൽ ചിത്രവാരിക ഇവിടെ നിന്ന് അയക്കുന്നതല്ലെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു. പണം അഡ്വാൻസ് അയക്കാതെ മേലിൽ ആർക്കും ചിത്രവാരിക അയക്കുന്നതല്ല.

മാനേജർ,
"ഉദയം" ചിത്രവാരിക,
മട്ടാഞ്ചേരി, കൊച്ചി.

മാന്യ ലേഖകന്മാരുടെ ശ്രദ്ധയ്ക്ക്

"ഉദയം" ചിത്രവാരികയിൽ പ്രസിദ്ധീകരിക്കുന്നതിന് അയക്കുന്ന ലേഖനങ്ങൾ കടലാസ്സിൻെറ ഒരു പുറത്തു മാത്രം വൃത്തിയായും വ്യക്തമായ കയ്യക്ഷരത്തിലും എഴുതി അയക്കേണ്ടതാണ്. ആശയപരമായോ ഭാഷാപരമായോ തിരുത്തലുകൾ ആവശ്യമെങ്കിൽ അവ ചെയ്യാനുള്ള സൌകര്യത്തിനു വേണ്ടി വരികൾ അകത്തി എഴുതുവാൻ ലേഖകന്മാർ ശ്രദ്ധിക്കണം. ലേഖനങ്ങളും ചെറുകഥകളും "ഉദയ"ത്തിൻെറ നാലു പേജുകളിൽ കവിയാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസിദ്ധീകരണാർഹമല്ലാത്ത ലേഖനങ്ങളും ചെറുകഥകളും കവിതകളും മടക്കി വേണമെന്നുള്ളവർ അവ തിരിച്ചയക്കുന്നതിന്നാവശ്യമായ തപാൽ സ്റ്റാമ്പോ കൊച്ചി അഞ്ചൽ സ്റ്റാമ്പോ അവയോടൊന്നിച്ച് അയക്കേണ്ടതാണ്. അതല്ലാത്തപക്ഷം ലേഖനങ്ങൾ തിരിച്ചയക്കുവാനോ, അവ ഇവിടെ സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വമേറ്റെടുക്കുവാനോ, ഞങ്ങൾക്കു സാദ്ധ്യമല്ല. ഒന്നാം കിടയിലുള്ള ലേഖകന്മാർക്കുമാത്രമേ പ്രതിഫലം നല്കുവാനും നിവൃത്തിയുള്ളു. ആശയവൈശിഷ്ട്യം, പ്രതിപാദനരീതി, ഭാഷ എന്നീമൂന്നു മാനദണ്ഡങ്ങളിൽ കൂടി നോക്കുമ്പോൾ അവ മൂന്നും പൂർണ്ണമായി പ്രകാശിക്കുന്നുണ്ടെന്നു പത്രാധിപസമിതി തീരുമാനിക്കുന്ന ലേഖനങ്ങൾക്കു മാത്രമേ മേലിൽ പ്രതിഫലം നല്കുകയുള്ളു. മേൽപറഞ്ഞ മൂന്നു ഗുണങ്ങളും ഇല്ലാത്ത ലേഖനങ്ങൾ, ലേഖനകർത്താക്കളെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിമാത്രം, വേണ്ടതിരുത്തലുകൾ ചെയ്ത്, ഞങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. അപ്രകാരമുള്ള ലേഖനങ്ങൾക്ക് "ഉദയ"ത്തിൽ സ്ഥലം അനുവദിക്കുന്നതു തന്നെ തൽക്കർത്താക്കൾക്കുള്ള പ്രതിഫലമായി പരിഗണിച്ച് അവർ ആസന്ന ഭാവിയിൽ ഒന്നാംകിട ലേഖകന്മാരായിത്തീരുവാൻ കൂടുതൽ ശ്രമിക്കയാണു വേണ്ടതു്.

C. REG: No. 292.

Subscribe to
and
Advertise in

UDAYAM

The Anglo Vernacular Illustrated Weekly

OF KERALA

Featuring:
- ★ ART,
- ★ LITERATURE,
- ★ POLITICS,
- ★ COMMERCE,
- ★ AGRICULTURE,
- ★ CINEMA,
- ★ HUMOUR,
- ★ SPORTS.

Contributed by leading writers & Journalists.

Please contact the

Manager, UDAYAM
P. J. THARAKAN & SONS,
MARAKADAV, COCHIN.

Printed and Published by P. J. Tharakan & Sons, Cochin from the Pearl Press, Cochin.